# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 2, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 384)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 2615 മുതൽ 2774 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 2775 മുതൽ 2877 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 2878 മുതൽ 2934 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 2935 മുതൽ 2998 വരെ |

## വിദ്യാഭ്യാസ അവകാശ നിയമം

2615 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 5-ാം ക്ലാസ് വരെ എൽ.പി യിലും 8-ാം ക്ലാസ് വരെ യു.പി യിലും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽ; വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഹെഡ്മാസ്റ്ററെ ടീച്ചിംഗ് ജോലിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ അതു നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഏകീകൃത സിലബസ് നടപ്പാക്കൽ

2616 ശ്രീ. പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഏകീകൃത സിലബസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) ഏകീകൃത സിലബസ് ഏർപ്പെടുത്തിയാലുണ്ടാകാവുന്ന ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) ഏകീകൃത സിലബസ് നടപ്പാക്കുന്നത് സർക്കാർ സ്കൂളുകളുടെ പഠന നിലവാരത്തിൽ ഗുണപരമായ മാറ്റം വരുത്തുമെന്ന കാര്യം പരിഗണിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശനിയമം</u>

2617 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം രാജ്യവ്യാപകമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും തൊഴിൽ സുരക്ഷിതത്വവും ശമ്പള വർദ്ധനവും സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

2618 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പു മുഖേനയും മറ്റ് വകുപ്പുകളുമായി ചേർന്ന് സംസ്ഥാന ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, ഗ്രാന്റുകൾ എന്നിവ ഉപയോഗിച്ചും കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദമായ വിവരവും പുരോഗതിയും ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതികളിൽ 2011-2012 വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാം; പുരോഗതി വ്യക്തമാക്കാമോ?

(സി) പ്രസ്തുത പദ്ധതികളിൽ 2012-2013 വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പരിപാടികൾ, പ്രവൃത്തികൾ എന്തെല്ലാം ; പുരോഗതി വ്യക്തമാക്കാമോ?

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ ഉച്ചഭക്ഷണ പാചക ചെലവ് വിതരണത്തിന്റെ പുരോഗതി എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഭൂപരിധി

2619 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, ഹൈസ്ക്കൂളുകൾ, എൽ.പി., യു.പി വിദ്യാലയങ്ങൾ എന്നിവക്ക് നിഷ്കർഷിച്ചിട്ടുള്ള ഭൂമിപരിധിയെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് വിഭാഗങ്ങളിൽ നിഷ്കർഷിച്ച ഭൂമിയില്ലാത്ത സ്ഥാപനങ്ങളുണ്ടോ; എങ്കിൽ അവയുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) നിശ്ചിത അളവിൽ ഭൂമിയില്ലാത്ത ഇത്തരം സ്ഥാപനങ്ങൾക്ക് ഭൂമി സംബന്ധിച്ച് എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) നിശ്ചിത അളവിലുള്ള ഭൂമി ലഭ്യമാക്കുന്നതിന് ഈ സ്ഥാപനങ്ങൾ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മാതൃഭാഷ കേരളത്തിലെ സ്കൂളുകളിൽ പാഠ്യവിഷയമാക്കാൻ നടപടി</u>

2620 ശ്രീ.കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും പാഠ്യവിഷയമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത് കർശനമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മലയാള ഭാഷാപഠനം നിർബന്ധമാക്കൽ</u>

2621 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, വി. ശിവൻകുട്ടി
,, പുരുഷൻ കടലുണ്ടി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മലയാളം പഠിപ്പിക്കാത്ത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.സി അൺഎയിഡഡ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം വിദ്യാലയങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച സമീപനം എന്താണ്;

(സി) സംസ്ഥാന സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം ലഭിക്കുന്നതിന് മലയാളഭാഷാ പരിജ്ഞാനം നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും മലയാളഭാഷ പഠിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ

2622 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷ പഠിപ്പിക്കാത്ത ഏതെങ്കിലും സ്കൂളുകൾക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ മലയാളം പഠിപ്പിക്കാത്ത അത്തരം സ്കൂളുകളുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളെന്ന് പേര് സഹിതം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മലയാള ഭാഷാ പഠനം</u>

2623 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷാ പഠനത്തിനായി സംസ്ഥാനത്ത് പ്രാഥമിക നിലവാരത്തിലുള്ള കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ;

(ബി) മലയാള ഭാഷാ പഠനത്തിന് മാത്രമായി പ്രവർത്തിക്കുന്ന എത്ര കേന്ദ്രങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും പ്രവർത്തിക്കുന്നുണ്ട്;

(സി) പ്രാഥമിക ഉന്നത നിലവാരങ്ങളിൽ പഠിച്ച് പാസ്സാകാവുന്ന മലയാള ഭാഷാ പാഠ്യപദ്ധതിയുടെ സിലബസ്സുകളെക്കുറിച്ചും പഠന കേന്ദ്രങ്ങളെക്കുറിച്ചും പരീക്ഷ നടത്താൻ നിയോഗിക്കപ്പെട്ട ഏജൻസിയെക്കുറിച്ചും ഈ കോഴ്സുകൾ മറ്റേതെല്ലാം കോഴ്സുകൾക്ക് സമാനമായി കരുതുന്നുണ്ടെന്നതിനെക്കുറിച്ചും വിശദമാക്കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ലാഭകരമല്ലാത്ത സ്കൂളുകൾ</u>

2624 ശ്രീ.കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയും വൈക്കം താലൂക്കിലും ലാഭകരമല്ലാത്തതായി എത്ര സ്കൂളുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സ്കൂളുകളെ ലാഭകരമല്ലാത്തതായി കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) വൈക്കം താലൂക്കിൽ ലാഭകരമല്ലാത്തതായി കണ്ടെത്തിയ ഏതെങ്കിലും സ്കൂളുകൾ പിന്നീട് ലാഭകരമായി തീർന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ നവീകരണത്തിനായി അനുവദിച്ച തുക</u>

2625 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ നവീകരണത്തിനായി കേന്ദ്രം എത്രകോടി രൂപയാണ് സംസ്ഥാനത്തിനു നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത തുകയിൽ ഭൂരിഭാഗവും ദുർവിനിയോഗം ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ദുർവിനിയോഗം ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ</u>

2626 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ വിഭ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതിൽ അംഗീകാരം നൽകാവുന്ന പരമാവധി സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ആലപ്പുഴ, കോട്ടയം ജില്ലകളിൽനിന്നും ഇത്തരത്തിലുള്ള എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപേക്ഷ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണ ഫണ്ട്</u>

2627 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾതല ഉച്ചഭക്ഷണ പരിപാടിയ്ക്ക് പാചകക്കൂലി, കണ്ടിജന്റ് ചാർജ്ജ് ഇനത്തിൽ 2011-12, 2012-13 അദ്ധ്യയന വർഷത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഇനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക എപ്രകാരം വിതരണം ചെയ്യണമെന്നാണ് നിശ്ചയിച്ചിരുന്നത്; ആയത് പാലിക്കാൻ സാധിച്ചുവോ;

(സി) ഇപ്രകാരം സ്കൂളുകൾക്ക് ഫണ്ട് വീതം വയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം പദ്ധതി

2628 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സൗജന്യ യൂണിഫോം പദ്ധതി എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് കൂടി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് കൂടി യൂണിഫോം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി</u>

2629 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്കൂളുകളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

പാഠ്യവിഷയങ്ങൾ ഇ-ടെക്സ്റ്റ് വഴി നല്കുന്ന പദ്ധതി

2630 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) 2013-2014 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ ഓരോ ജില്ലകളിലേക്കും എത്ര വീതം വിതരണം ചെയ്തുവെന്നും ബാക്കി പുസ്തകങ്ങൾ എന്ന് വിതരണം ചെയ്യുമെന്നും വിശദമാക്കുമോ ;

(സി) വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉൾപ്പെടുത്തി പാഠ്യവിഷയങ്ങൾ ഇ-ടെക്സ്റ്റ് വഴിയുള്ള ടാബ്ലറ്റുകളായി നല്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നല്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഡിപ്ലോമ കോഴ്സുകൾ ബി.എഡിന് തുല്യമാക്കി ഉത്തരവ്</u>

2631 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറബിക്, ഉർദു, ഹിന്ദി, ഡിപ്ലോമ കോഴ്സുകൾ ബി. എഡിന് തുല്യമാക്കി പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ നിയമസാധുത വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി.</u>

2632 ശ്രീ. എം. എ. ബേബി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സി. ബി. എസ്. ഇ സ്കൂളുകൾക്ക് എൻ. ഒ. സി. നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ സ്കൂൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സി. ബി. എസ്. ഇ. സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാപകമായ തോതിൽ സി. ബി. എസ്. ഇ. സ്കൂളുകൾ അനുവദിച്ചത് പൊതുവിദ്യാഭ്യാസ മേഖലയെ പിന്നോട്ടടിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരുന്നതായി ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) 2011-12 ലും 2012-13 ലും മുൻവർഷങ്ങളെ അപേക്ഷിച്ച് അവ എത്രത്തോളമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ജി) അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുവിദ്യാലയങ്ങളുടെ എണ്ണം പെരുകിവരുന്ന സാഹചര്യത്തിൽ പുതിയ സി. ബി. എസ്. ഇ. സ്കൂളുകൾക്ക് എൻ. ഒ. സി. നൽകാനുള്ള നീക്കത്തിൽനിന്നും പിന്തിരിയുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

സ്കൂളുകളിൽ ഉപഭോക്തൃ ക്ലബുകൾ

2633 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉപഭോക്തൃ ക്ലബുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളിൽ ഉപഭോക്തൃ സംസ്കാരവും അറിവും വളർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം കാര്യങ്ങൾ പദ്ധതി നടത്തിപ്പിനായി ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത്?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഫോൺ കണക്ഷൻ</u>

2634 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഫോൺ നൽകിയിട്ടുണ്ടെന്നുള്ള വിവരം ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(ബി) നിരവധി സ്കൂളുകളുമായും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായും ഔദ്യോഗികജോലിയുടെ ഭാഗമായി നിരന്തരം ബന്ധപ്പെടേണ്ടിവരുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെല്ലാം ഫോൺ ബന്ധം സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ ജീവനക്കാരുടെ പണമുപയോഗിച്ച് ഫോൺ ബന്ധം സ്ഥാപിക്കുന്നതിന് അനുമതി നൽകാറുണ്ടോ;

(ഡി) ഇങ്ങനെ അനുമതി നൽകിയിട്ടുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഫോൺ ചാർജ് നൽകുന്നതിനുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കാറുണ്ടോ;

(ഇ) എല്ലാ ഉപജില്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും സർക്കാർചെലവിൽ ഫോൺ സ്ഥാപിച്ച് ഉപയോഗയോഗ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഇംഗ്ലീഷ് പഠനത്തിന്റെ ഗുണനിലവാരം</u>

2635 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹൈസ്കൂളിലെ ഇംഗ്ലീഷ് പഠനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇംഗ്ലീഷിൽ ബി.എഡ് ഉള്ള അദ്ധ്യാപകരെ നിയമിക്കാൻ ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു ഡിവിഷൻ മാത്രമുള്ള സ്കൂളുകൾക്ക് ഇത് ബാധകമാണോ;

(സി) രണ്ട് സ്കൂളുകൾ ക്ലബ്ബ് ചെയ്തുകൊണ്ട് ഇത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പരീക്ഷാ ഭവനിൽ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി</u>

2636 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ സ്വീകരിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലപരിധി സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഓഫീസ് നിയമത്തിലെ 'ഫൈവ് ഡേ റൂൾ' പാലിച്ചാണോ ഫയൽ നടപടി സ്വീകരിക്കുന്നത്;

(സി) പരീക്ഷാ ഭവനിൽ സ്വീകരിക്കുന്ന അപേക്ഷകളിന്മേൽ വർഷങ്ങളോളം തീർപ്പാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) കാലതാമസത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ശ്രീ. നിഷാദ് കെ.കെ 22.09.2008 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നമ്പർ ഇ.എക്സ്/ സിഎസ്/40798/ 2008/സി.ജി.ഇ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(എഫ്) പ്രസ്തുത ഫയലിന്മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എസ്.എസ്.എൽ.സി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കുട്ടികൾ കുറവുള്ള സ്കൂളുകൾ അടച്ചുപൂട്ടാൻ നീക്കം</u>

2637 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ കുറവുള്ള സ്കൂളുകൾ അടച്ചുപൂട്ടാൻ നീക്കമുണ്ടോ; ഇത്തരത്തിലുള്ള എത്ര സ്കൂളുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത സ്കൂളുകൾ സർക്കാർ മേഖലയിൽ എത്ര; എയ്ഡഡ് മേഖലയിൽ എത്ര;

(സി) സ്കൂളുകളിൽ ഈ വർഷം സ്റ്റാഫ് ഫിക്സേഷൻ നടത്തിയിട്ടുണ്ടോ; അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കാനുള്ള തീരുമാനം നടപ്പിലാക്കിയോ;

(ഡി) നിലവിൽ എത്ര അദ്ധ്യാപകർ തസ്തികയില്ലാതെ സർവ്വീസിലുണ്ട്; റീട്രെഞ്ച്ഡ് അദ്ധ്യാപകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

സി. ബി. എസ്.ഇ വിദ്യാർത്ഥികൾക്ക് മുൻഗണന

2638 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ അഡ്മിഷൻ നൽകുന്നതിന് സി. ബി. എസ്.ഇ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ;

(ബി) സി. ബി. എസ്. ഇക്ക് പത്താം ക്ലാസിൽ പരീക്ഷ നിർബന്ധമില്ല എന്ന കാര്യം അഡ്മിഷൻ മാനദണ്ഡം നിശ്ചയിക്കുമ്പോൾ പരിഗണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>മലബാർ മേഖലയിലെ പ്ലസ്ടു സ്കൂളുകൾ</u>

2639 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-2011 സാമ്പത്തികവർഷം മലബാർ മേഖലയിൽ എത്ര പ്ലസ്ടു സ്കൂളുകൾ അനുവദിച്ചു;

(ബി) അനുവദിച്ച സ്കൂളുകൾക്കെല്ലാം അനുബന്ധമായി പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ പോസ്റ്റ് ക്രിയേഷൻ നടത്തി എന്ന് വ്യക്തമാക്കാമോ;

(സി) പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ പഠിപ്പിച്ചിരുന്ന അധ്യാപകർക്ക് ബാച്ചുകൾ അനുവദിച്ച തീയതി മുതൽ സീനിയോറിറ്റി കണക്കാക്കാൻ തടസ്സമുണ്ടോ;

(ഡി) ബാച്ചു തുടങ്ങിയ തീയതി മുതൽ ഇവർക്ക് ശമ്പളം അനുവദിക്കുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ;

(ഇ) കോർപറേറ്റ് മാനേജ്മെന്റ് ട്രാൻസ്ഫർ ഓർഡർ വഴി മലബാറിലേക്ക് അയച്ച അധ്യപകരുടെ സീനിയോറിറ്റി സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയിൽ എന്തു നടപടി സ്വീകരിച്ചു?

(എഫ്) കോർപ്പറേറ്റ് മാനേജ്മെന്റുകൾ ട്രാൻസ്ഫർ ചെയ്ത അധ്യാപകർക്ക് അവർ നിയമിതരായ ജില്ലയിൽ ജോലി ചെയ്തിരുന്നുവെങ്കിൽ സീനിയോറിറ്റിയും വേതനനഷ്ടവും ഉണ്ടാകുമായിരുന്നില്ല എന്ന വിഷയം മാനുഷിക പരിഗണനയോടെ കാണുവാൻ ശ്രമിക്കുമോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ</u>

2640 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഉണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>മലപ്പുറത്ത് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ റീജിയണൽ സെന്റർ</u>

2641 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലബാർ റീജിയണൽ സെന്റർ മലപ്പുറത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കേന്ദ്രം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വന്തം സ്ഥലം കണ്ടെത്താൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കേന്ദ്രം ആരംഭിക്കുന്നതിന് താൽക്കാലിക സംവിധാനം ഏർപ്പെടുത്താനും വരുന്ന അധ്യയന വർഷത്തിൽ തന്നെ കേന്ദ്രം ആരംഭിക്കുവാനും സത്വര നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പ്രീ-മെട്രിക് സ്കോളർഷിപ്പ്</u>

2642 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്കവിഭാഗക്കാരായ വിദ്യാർത്ഥികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം, സർക്കാർ ഫണ്ട് അനുവദിക്കാത്തതിനാൽ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിനായി 50 ശതമാനം കേന്ദ്ര സഹായം കഴിച്ച് 50 കോടി രൂപ സ്കോളർഷിപ്പിനായി വകയിരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ബുദ്ധിവികാസമില്ലാത്ത കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി

2643 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിവികാസമില്ലാത്ത കുട്ടികൾക്കായി ഏകീകൃത പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത്തരം കുട്ടികളെ പഠിപ്പിക്കുന്നതിനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഫുൾടൈം ലാംഗേജ് ടീച്ചർ
(സംസ്കൃതം) നിയമനം

2644

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ എത്ര പേർക്ക് ഫുൾടൈം ലാംഗേജ് ടീച്ചർ (സംസ്കൃതം) നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത നിയമനം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അണ്‍ എയ്ഡഡ് മേഖലയിലെ നോണ്‍ ടീച്ചിംഗ് സ്റ്റാഫ് പാക്കേജ്</u>

2645

ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം അണ്‍ എയ്ഡഡ് മേഖലയില്‍ നോണ്‍ ടീച്ചിംഗ് വിഭാഗത്തില്‍ സ്ഥിര നിയമനം നടത്തിയിട്ടുണ്ടോ ; എങ്കില്‍ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) നോണ്‍ ടീച്ചിംഗ് സ്റ്റാഫ് പാക്കേജിന്റെ അവസ്ഥ എന്താണ് ; ഇത് എന്നുമുതല്‍ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>എയ്ഡഡ് പ്രൈമറി സ്കൂള്‍ അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജില്‍ ഉള്‍പ്പെടുത്താന്‍ നടപടി</u>

2646 ഡോ. എന്‍. ജയരാജ്
ശ്രീ. പി.സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എയ്ഡഡ് പ്രൈമറി സ്ക്കൂളുകളില്‍ ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്ന അവസരത്തില്‍ സ്ക്കൂള്‍ മാനേജ്മെന്റിനാല്‍ നിയമിതരായ അദ്ധ്യാപകര്‍ക്ക് ഇതുവരെ ശമ്പളം ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നിയമനം ലഭിച്ച അദ്ധ്യാപകര്‍ എത്രപേരാണ്; വിശദാംശം നല്കുമോ;

(സി) അദ്ധ്യാപക പാക്കേജില്‍ ഇപ്രകാരമുള്ള അദ്ധ്യാപകരെ ഉള്‍പ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

എയ്ഡഡ് സ്ഥാപനങ്ങളിലെ അനധ്യാപകർക്ക് പ്രത്യേക പാക്കേജ്

2647 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധ്യാപകർക്ക് പ്രത്യേക പാക്കേജ് അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പാക്കേജിന്റെ വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അദ്ധ്യാപകർക്ക്<br>അനുവദിച്ചിരുന്ന ലീവ് സറണ്ടർ</u>

T. 2648 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻസസ് ജോലികൾക്കായി നിയോഗിക്കപ്പെട്ട അധ്യാപകർക്ക് അനുവദിച്ച ലീവ് സറണ്ടർ വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) അധ്യാപകർക്ക് എത്ര ദിവസത്തെ ലീവ് സറണ്ടർ ആയിരുന്നു അനുവദിച്ചിരുന്നത്; ഇപ്പോൾ എത്ര ദിവസം ആണ് വെട്ടിക്കുറച്ചത്;

(സി) ലീവ് സറണ്ടർ വെട്ടിക്കുറയ്ക്കുന്നതിന് കാരണമായ സാഹചര്യം വിശദമാക്കാമോ;

(ഡി) സംസ്ഥാനമൊട്ടാകെ എത്ര അധ്യാപകരെയാണ് സെൻസസ് ജോലികൾക്ക് നിയോഗിക്കപ്പെട്ടിരുന്നത്; ലീവ് സറണ്ടർ വെട്ടിക്കുറച്ചതിനാൽ ഒരാൾ ശരാശരി എത്ര രൂപ സർക്കാരിലേയ്ക്ക് തിരച്ചടയ്ക്കേണ്ടതായി വരും?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുന്നതിന് നടപടി</u>

2649 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർജില്ലാ സ്ഥലംമാറ്റത്തിലൂടെ മാതൃജില്ലയിലെത്തുന്ന അധ്യാപകരുടെ സീനിയോറിട്ടി നഷ്ടപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം സംഭവിക്കുന്നത് ഏത് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ;

(സി) അന്തർജില്ലാ സ്ഥലം മാറ്റം ലഭിച്ചവർക്ക് അവരുടെ സർവ്വീസ് സീനിയോറിട്ടിയും വിദ്യാഭ്യാസ യോഗ്യതയും പരിഗണിച്ച് പ്രമോഷൻ നൽകുന്നതിലൂടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ;

(ഡി) ഇപ്രകാരം ബാധ്യതയില്ലായെങ്കിൽ പി. എസ്. സി. അഡൈ്വസ് പ്രകാരമുള്ള സീനിയോറിട്ടി പുനഃസ്ഥാപിച്ചു നൽകുന്നതിന് തടസ്സമായുള്ള ഉത്തരവുകൾ ഭേദഗതി ചെയ്യുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷപദവി ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>

2650 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങള്‍ക്ക് കേന്ദ്രസര്‍ക്കാരിന്റെ ന്യൂനപക്ഷ പദവി ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷപദവി ലഭിച്ച കോളേജുകള്‍, ഹയര്‍സെക്കന്ററി വിദ്യാലയങ്ങള്‍, ഹൈസ്കൂളുകള്‍, എല്‍.പി, യു.പി. വിദ്യാലയങ്ങള്‍ സാങ്കേതിക-മെഡിക്കല്‍ വിദ്യാഭ്യാസസ്ഥാപനങ്ങള്‍, എന്നിവയുടെ ജില്ലതിരിച്ചുള്ള പേരുവിവരം അറിയിക്കാമോ;

(സി) ന്യൂനപക്ഷ പദവി ലഭിക്കുന്നതിന് വിദ്യാഭ്യാസസ്ഥാപനങ്ങള്‍ക്ക് കേന്ദ്രസര്‍ക്കാര്‍ നിര്‍ദ്ദേശിച്ച മാനദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം വിദ്യാലയങ്ങള്‍ക്ക് എന്തെല്ലാം സാമ്പത്തിക സഹായവും മറ്റു ആനുകൂല്യങ്ങളുമാണ് കേന്ദ്ര സര്‍ക്കാര്‍ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾ</u>

2651 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ പദവിയുള്ള എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ എയ്ഡഡ് മേഖലയിൽ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പേരും, മാനേജ്മെന്റിന്റെ പേരും ഉൾപ്പെടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങള്‍</u>

2652 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങള്‍ എത്രയാണ്; 2012-13 വര്‍ഷം എല്ലാ സ്കൂളുകളിലെയും എല്ലാ ഡിവിഷനുകളിലുമായി മൊത്തം എത്ര വിദ്യാര്‍ത്ഥികള്‍ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) എല്ലാ കേന്ദ്രീയ വിദ്യാലയങ്ങളിലും മലയാളം ഭാഷ പഠിപ്പിക്കുന്നുണ്ടോ; എങ്കില്‍ ഏതെല്ലാം ക്ലാസ്സുകളില്‍ ;

(സി) മലയാളം പഠിപ്പിക്കാത്ത ക്ലാസ്സുകളില്‍ മലയാളം പഠിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 2013-14 അദ്ധ്യയനവര്‍ഷം മുതല്‍ എല്ലാ ക്ലാസ്സുകളിലും മലയാളം ഭാഷ കൂടി പഠിക്കാനുള്ള അവസരം വിദ്യാര്‍ത്ഥികള്‍ക്ക് ലഭ്യമാക്കുമോ;

(ഇ) കേരളത്തിലെ കേന്ദ്രീയ വിദ്യാലയങ്ങളില്‍ ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ജര്‍മ്മന്‍, ഫ്രഞ്ച് തുടങ്ങിയ ഭാഷകള്‍ പഠിപ്പിക്കുമ്പോള്‍, വിദ്യാര്‍ത്ഥികള്‍ ഏറ്റവും കൂടുതല്‍ മലയാളികളായിരിക്കേ മലയാള ഭാഷ പഠിപ്പിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ആഴകം ഗവണ്‍മെന്റ് യു.പി. സ്കൂളിന്റെ സ്ഥലം പഞ്ചായത്തിനു വിട്ടുനല്‍കുന്നതിനുള്ള നടപടി</u>

2653 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ മുക്കന്നൂര്‍ ഗ്രാമ പഞ്ചായത്തില്‍ പ്രവര്‍ത്തിക്കുന്ന ആഴകം ഗവണ്‍മെന്റ് യു.പി. സ്കൂളിന്റെ കൈവശത്തിലുള്ള സ്ഥലത്തുനിന്നും 3.41 ആര്‍ സ്ഥലം പൊതുവഴി വികസിപ്പിക്കുന്നതിനായി പഞ്ചായത്തിന് വിട്ടുനല്‍കുന്നതിന് സമര്‍പ്പിച്ചിട്ടുള്ള അപേക്ഷയില്‍ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ബഡ്സ് സ്ക്കൂളുകൾ</u>

2654 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര ബഡ്സ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ ബഡ്സ് സ്ക്കൂളുകൾക്ക് സാമ്പത്തിക സഹായങ്ങൾ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നൽകുന്നത് ;

(സി) ഈ സ്ക്കൂളുകൾ എൽ.പി. സ്ക്കൂളുകളായി ഉയർത്തുന്ന വിഷയം സജീവമായി പരിഗണിക്കുമോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പരീക്ഷക്കാലത്തെ അദ്ധ്യാപകപരിശീലനം</u>

2655 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ അദ്ധ്യാപകപരിശീലനങ്ങൾ പരീക്ഷക്കാലത്ത് (മാർച്ച് മാസത്തിൽ) നടത്താൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അവ ഏതെല്ലാം ;

(ബി) വിവിധ അദ്ധ്യാപകപരിശീലനങ്ങൾക്കായി സർക്കാരിന്റെയും വിവിധ വിദ്യാഭ്യാസ ഏജൻസികളുടെയുമായി എത്ര രൂപയാണ് 2012-13-ലേയ്ക്കു നീക്കിവെച്ചിരുന്നത്; ഇതിൽ എത്ര രൂപ ചെലവഴിച്ചു; എത്ര അദ്ധ്യാപകർക്കു പരിശീലനം നൽകി; എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(സി) അദ്ധ്യാപകപരിശീലനങ്ങൾ കഴിഞ്ഞ അക്കാദമിക് വർഷത്തിൽ (2012-13) എപ്പോൾ നടത്തണമെന്നാണ് അദ്ധ്യാപക സംഘടനകളുമായി ധാരണയിലെത്തിയിരുന്നത്; അപ്രകാരമാണോ പരിശീലനം നടന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ</u>

2656 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇപ്രകാരം തീരുമാനിച്ചിട്ടുള്ള സ്കൂളുകളിൽ പുതിയ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അധികമായി വരുന്ന അദ്ധ്യാപകരുടെ നിയമന നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ച പേരാമ്പ്ര മണ്ഡലത്തിലെ വെങ്ങപ്പറ്റ ജി യു. പി. സ്ക്കൂൾ, പേരാമ്പ്ര പ്ലാന്റേഷൻ ജി യു. പി സ്ക്കൂൾ എന്നിവിടങ്ങളിൽ 2013-14 അധ്യയനവർഷം 8-ാം ക്ലാസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സെൽഫ് ഫിനാൻസിംഗ് സ്കൂളുകളിലെ ജീവനക്കാര്യം</u>

2657 ശ്രീ.പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ/ഐ.എസ്.സി സെൽഫ് ഫൈനാൻസിംഗ് സ്കൂളുകളിലെ ജീവനക്കാരുടെ കാരൃത്തിൽ ഹൈക്കോടതി 1042/2012-ാം നമ്പർ റിട്ട് അപ്പീലിൽ പുറപ്പെടുവിച്ച വിധി ന്യായത്തിലെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഇപ്പോഴും മാനേജുമെന്റുകൾ പെരുമാറുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ജീവനക്കാരുടെ ചെക്ക് ബുക്കുകളിൽ അവരെക്കൊണ്ട് ഒപ്പിടുവിച്ച് സ്കൂളിൽതന്നെ സൂക്ഷിക്കുന്ന നിയമവിരുദ്ധ നടപടി മാനേജ്മെന്റുകൾ തുടരുന്ന സാഹചര്യത്തിൽ കോടതി നിർദ്ദേശിച്ച പ്രകാരമുള്ള പരിശോധനകളും നിയമനടപടികളും കർശനമാക്കുമോ;

(ഡി) അവധി ആവശ്യപ്പെടുന്നവരെയും മാനേജ്മന്റെിന്റെ പീഡനത്തിനെതിരെ പ്രതികരിക്കുന്ന ജീവനക്കാരെയും പിരിച്ചുവിടുന്ന നടപടി തടയാൻ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ഓപ്പൺസ്കൂളിൽ രജിസ്ട്രേഷൻ</u>

2658 ശ്രീ.മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, ജി. എസ്. ജയലാൽ
,, പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 -ൽ കേരള സംസ്ഥാന ഓപ്പൺ സ്കൂളിൽ എത്ര വിദ്യാർത്ഥികൾ രജിസ്ട്രേഷൻ നടത്തി; ഇതിൽ എത്ര വിദ്യാർത്ഥികൾക്ക് റഗുലർ കോഴ്സിൽ പ്രവേശനം ലഭിച്ചു;

(ബി) റഗുലർ കോഴ്സിലേയ്ക്ക് മാറിയ വിദ്യാർത്ഥികൾക്ക് ഫീസ് മടക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ഫീസ് മടക്കി നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാം;

(സി) ഈ വിദ്യാർത്ഥികൾക്ക് ഫീസ് മടക്കി നൽകിയതിൽ എന്തെങ്കിലും തിരിമറി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ തിരിമറിയാണ് നടന്നത്; ഇതിനുത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലബാർ മേഖലാ കേന്ദ്രം

2659 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലബാർ മേഖലാ കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) അനുയോജ്യമായ സ്ഥലം കണ്ടെത്തി തഹസിൽദാർമാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്താൻ നടപടി

2660 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദീർഘകാല അവധിയിലുള്ള അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>അധ്യാപകരുടെ നിയമനങ്ങൾക്ക് അപ്രൂവൽ</u>

2661 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ പാക്കേജുവഴി എത്ര അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അപ്രൂവൽ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഏകാദ്ധ്യാപകര്‍ക്ക് സാമ്പത്തിക സഹായം</u>

2662 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങള്‍ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര വിദ്യാര്‍ത്ഥികളാണ് ഈ വിദ്യാലയങ്ങളില്‍ പഠിക്കുന്നത്;

(സി) ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ വേതനം ഇപ്പോള്‍ എത്ര രൂപയാണ്; മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകര്‍ വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ എത്ര അദ്ധ്യാപകര്‍ ഇത്തരം ആക്രമണങ്ങളില്‍ കൊല്ലപ്പെട്ടിട്ടുണ്ട്; ഇവര്‍ക്ക് അര്‍ഹമായ സാമ്പത്തിക സഹായം ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അധ്യാപകരുടെ ലീവ് സറണ്ടർ</u>

T. 2663 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അധ്യാപകരുടെ ലീവ് സറണ്ടർ 24 ദിവസത്തിൽ നിന്ന് 8 ദിവസമായി കുറയ്ക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ലാബ് അസിസ്റ്റന്റിന്റെ യോഗ്യത സംബന്ധിച്ച്

2664

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004 - ൽ പവിത്രേശ്വരം കെ. എൻ. എൻ. എം. വി. എച്ച്. എസ്. എസ് -ൽ ലാബ് അസിസ്റ്റന്റായി നിയമിച്ച ജെ. എസ്. ഹരികുമാറിന്റെ വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത നിയമനത്തിന് അംഗീകാരം നൽകിക്കൊണ്ടുള്ള വി. എച്ച. എസ്. ഇ. ഡയറക്ടറുടെ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത വ്യക്തിയെ നിയമിച്ചത് ഏതു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു എന്നും പ്രസ്തുത ഉത്തരവിന് ഏതു കാലയളവുവരെ പ്രാബല്യമുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഈ കാലയളവിൽ കേരളത്തിലെ വി. എച്ച് എസ്. ഇ. സ്കൂളുകളിൽ എത്ര ലാബ് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട് എന്നും ഇങ്ങനെ നിയമിക്കപ്പെട്ടവരിൽ ഐ.ടി.ഐ./ഐ.ടി.സി. അടിസ്ഥാനവിദ്യാഭ്യാസയോഗ്യതയായി എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പൊതുവിദ്യാഭ്യാസ വകുപ്പിന്‍ കീഴില്‍ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികള്‍</u>

2665 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്‍ കീഴില്‍ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികള്‍ ഒരോന്നിനും 2011-12, 2012-13 സാമ്പത്തിക വര്‍ഷങ്ങളില്‍ അനുവദിച്ച തുക എത്രയാണ്? ഇത് പൂര്‍ണ്ണമായും ചെലവഴിക്കാന്‍ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുക ചെലവഴിക്കാത്തതിന്റെ പേരില്‍ ഏതെങ്കിലും പദ്ധതിയുടെ കാര്യത്തില്‍ അടുത്ത സാമ്പത്തിക വര്‍ഷത്തേയ്ക്കുള്ള ഫണ്ടില്‍ കേന്ദ്രം കുറവു വരുത്തിയിട്ടുണ്ടോ; വിശദാംശം നല്‍കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

2666 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ. എം. എസ്. എ.) പ്രകാരം, സംസ്ഥാനത്ത് 2010-11, 2011-12, 2012-13 വർഷങ്ങളിൽ ഹൈസ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ; സ്കൂളുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രവർത്തനം ആരംഭിച്ചിട്ടുള്ളവ ഏതൊക്കെയാണ് ; ബാക്കിയുള്ള സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ആർ. എം. എസ്. എ. പദ്ധതി പ്രകാരം ഹൈസ്കൂളുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ഓരോ സ്കൂളുകൾക്കും ലഭിച്ച തുകയും, ആ തുകയുപയോഗിച്ച് ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയെന്നും സ്കൂളുകളുടെ പേര്, തുകലഭിച്ച വർഷം എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ആർ. എം. എസ്. എ. പ്രകാരം പുതുതായി ഹൈസ്കൂളുകളായി പ്രഖ്യാപിക്കപ്പെട്ട സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇവയ്ക്ക് ആർ. എം. എസ്. എ. - ൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഓരോ സ്കൂളിനും എത്ര തുക വീതമെന്നും ഇതുപയോഗിച്ച് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(എഫ്) ഇല്ലെങ്കിൽ ഇതിന് ഫണ്ട് അനുവദിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) പുതുതായി പ്രഖ്യാപിച്ച ഈ സ്കൂളുകളിൽ 8-ാം ക്ലാസ്സിലേക്കാവശ്യമായ അധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ

2667 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ വൻമുഖം ഗവൺമെന്റ് യു.പി. സ്കൂൾ അപ്ഗ്രഡേഷൻ കാര്യത്തിൽ കോടതി കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ പ്രകാരം അനുവദിച്ച തുക</u>

2668 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതിയനുസരിച്ച് ഈ വർഷം എത്ര കോടി രൂപ കേന്ദ്രസർക്കാർ കേരളത്തിനനുവദിച്ചു; എത്ര സകൂളുകൾ അപ്ഗ്രേഡ് ചെയ്തു;

(ബി) ആർ.എം.എസ്.എ യുടെ ഭാഗമായി സംസ്ഥാന ജില്ലാ ഓഫീസുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടോ;

(സി) ഹയർസെക്കന്ററി സ്കൂളുകളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യം മെച്ചപ്പെടുത്താൻ പദ്ധതിയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കാസർകോഡ് ജില്ലയിൽ വിവിധ ഭാഷാ അധ്യാപക തസ്തികകൾ</u>

2669 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പ്രകാരം കാസർകോട് ജില്ലയിൽ ആരംഭിച്ച ഹൈസ്കൂളുകളിൽ കന്നട അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇംഗ്ലീഷ്, അറബിക്, ഉറുദു, സംസ്കൃതം ഭാഷാ അധ്യാപക തസ്തികകൾ ഈ സ്കൂളുകളിൽ അടുത്ത അധ്യായന വർഷമെങ്കിലും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കാസർകോട് ജില്ലയിലെ പിന്നോക്ക പ്രദേശവും നിലവിൽ ഗവൺമെന്റ് ഹൈസ്കൂൾ ഇല്ലാത്തതുമായ വൊർക്കാടി പഞ്ചായത്തിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഒരു ഹൈസ്കൂൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

എസ്.എസ്.എ ക്ക് അനുവദിച്ച ഫണ്ട്

2670

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ യ്ക്ക് ഈ വർഷത്തെ പ്ലാൻ ഇനത്തിൽ അനുവദിച്ച തുകയിൽ ഇതുവരെ എത്ര ചെലവഴിച്ചു;

(ബി) ഏതെങ്കിലും ഇനത്തിൽ പൂർണമായും തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ;

(സി) ബ്ലോക്ക് തലംവരെയുള്ള മോണിറ്ററിംഗ് സമിതി പ്രവർത്തനക്ഷമമാണോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട് വിനിയോഗം</u>

2671

ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എത്ര സ്ക്കൂളുകള്‍ക്ക് എസ്.എസ്.എ ഫണ്ടുപയോഗിച്ച് കെട്ടിടം നിര്‍മ്മിച്ചു നല്കിയെന്നുള്ള വിശദവിവരവും ലിസ്റ്റും ലഭ്യമാക്കുമോ; ഇതിനായി എത്ര രൂപ ചെലവാക്കി;

(ബി) കമ്പ്യൂട്ടറുകളും അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങളും എത്ര സ്ക്കൂളുകള്‍ക്ക് നല്കിയിട്ടുണ്ട്; വിശദവിവരങ്ങളടങ്ങിയ പട്ടിക ലഭ്യമാക്കാമോ; ഇതിനായി എന്ത് തുക ചെലവാക്കി?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. ഫണ്ട് ക്രമക്കേടുകൾ</u>

2672

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതമായി ഓരോ വർഷവും എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കുമോ;

(സി) തുക വിനിയോഗം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ഈ കാലഘട്ടത്തിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ക്രമക്കേടുകൾ കണ്ടെത്തിയ ജില്ല, ബ്ലോക്ക് ഓഫീസുകളുടെ പേരുവിവരം, ഈ കാരലയളവിൽ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പേരുവിവരം, ക്രമക്കേട് സംബന്ധിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ അറിയിക്കാമോ;

(ഇ) സംസ്ഥാന ഓഫീസിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ക്രമക്കേടുകൾ സംബന്ധിച്ച് എടുത്ത നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. വഴി നടപ്പിലാക്കിയ പദ്ധതികൾ</u>

2673 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എസ്.എസ്.എ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2012-2013 ൽ അനുവദിച്ച തുകയിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായ തുക എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ; ലാപ്സാകാൻ കാരണം വിശദമാക്കുമോ;

(ബി) 2011-2012 വർഷം എസ്.എസ്.എ വഴി അനുവദിച്ച എന്തു തുക ലാപ്സായി എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ എസ്.എസ്.എ ഫണ്ട് വിനിയോഗം</u>

2674

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവർത്തനത്തിനും നീക്കിവെച്ച തുക എത്രയാണെന്നും ഇതിൽ ഓരോന്നിനും എത്ര തുക വീതം ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എ. പ്രൊജക്റ്റിലെ നിയമനങ്ങൾ</u>

2675 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എ.യുടെ പ്രൊജക്റ്റിൻകീഴിൽ എത്ര ജീവനക്കാരാണു നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രൊജക്റ്റിൽ പാർട്ട്-ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചിരുന്നോ; ഇവർക്ക് എത്ര രൂപയാണ് പ്രതിമാസ ശമ്പളമായി നിശ്ചയിച്ചിരുന്നത്;

(സി) പാർട്ട്-ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി ഈ വർഷം ഇതുവരെ എത്രപേരെ നിയമിച്ചു; എത്ര തുക ഇതിനുവേണ്ടി ചെലവഴിച്ചു; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2676 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

2677 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതിക്കായി എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിന്റെ മാനദണ്ഡം എന്താണ്;

(സി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഇതിന് എന്തു തുക ചെലവു വരും;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് എത്ര രൂപ, ഏതൊക്കെ ഇനങ്ങളിലായി ചെലവാക്കുന്നു;

(ഇ) സ്കീമിൽ ചേരുന്ന വിദ്യാർത്ഥികൾ തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര;

(എഫ്) ഇവർക്ക് ഏതൊക്കെ മേഖലയിലാണ് പരിശീലനം ലഭിക്കുന്നത്; ഇതിനായി പരിശീലകരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ജി) പരിശീലകരെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(എച്ച്) ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ തദ്ദേശീയരായ നിശ്ചിത യോഗ്യതയുള്ളവരെ കണ്ടെത്തി പരിശീലകരാക്കാൻ കഴിയുമോ; അതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>വി.എച്ച്.എസ്.സി/ഹയർ സെക്കന്ററി വിഭാഗങ്ങളിലെ പ്രശ്നങ്ങൾ</u>

2678 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വി.എച്ച്.എസ്.സി/ഹയർ സെക്കന്ററി വിഭാഗത്തിലെ പ്രശ്നങ്ങൾ പഠിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളിലെ കണക്ക് അദ്ധ്യാപകർ

2679 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ആകെ കണക്ക് അദ്ധ്യാപകരുടെ എത്ര അനുവദനീയ തസ്തികകൾ നിലവിലുണ്ട് ; ഓരോ ജില്ലയിലെയും വിവരം പ്രത്യേകമായി അറിയിക്കുമോ;

(ബി) പ്രസ്തുത ജില്ലകളിൽ മേൽപ്പറഞ്ഞ എല്ലാ തസ്തികയിലും അദ്ധ്യാപകർ ജോലി നോക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ഓരോ ജില്ലകളിലും എത്ര വീതം തസ്തികകൾ പി.എസ്.സി. നിയമനം നടത്താതെ ഒഴിവായി കിടക്കുന്നുണ്ട് ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ഹയർ സെക്കന്ററി കണക്ക് അദ്ധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമായി ബന്ധപ്പെട്ടു പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം</u>

2680 ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് അനുവദിച്ച അഡീഷണൽ ബാച്ചിലേക്ക് വേണ്ടി വരുന്ന അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എത്ര ഒഴിവുകളാണ് ക്ലിപ്തപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഹയർ സെക്കൻഡറി അധികബാച്ചുകളിൽ അദ്ധ്യാപകതസ്തിക

2681 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ-എയ്ഡഡ് മേഖലകളിലെ ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ എത്ര അധികബാച്ചുകൾ അനുവദിച്ചിട്ടു ണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അധികബാച്ചുകളിലേയ്ക്കുള്ള അദ്ധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ, എത്രയെണ്ണം അനുവദിക്ക പ്പെട്ടിട്ടുണ്ട്;

(സി) ഇവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>എച്ച്.എസ്.എ. നാച്യുറൽ സയൻസ് ഒഴിവുകൾ</u>

2682 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ നാച്യുറൽ സയൻസ് (ജൂനിയർ) തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) നാളിതുവരെ എച്ച്.എസ്.എ. നാച്യുറൽ സയൻസ് (ജൂനിയർ) തസ്തികയിൽ ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) നാളിതുവരെ എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) എച്ച്.എസ്.എ. (നാച്യുറൽ സയൻസ്) വേക്കൻസി അവസാനം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തതെന്നാണ് എന്നു വ്യക്തമാക്കുമോ; ഏതു സ്കൂളിലാണ് പ്രസ്തുത ഒഴിവുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ഇ) 2013-ൽ ഉദ്യോഗക്കയറ്റം മൂലവും റിട്ടയർമെന്റ് മൂലവും പുതിയ തസ്തികകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതു പ്രകാരം എച്ച്.എസ്.എ. നാച്യുറൽ സയൻസ് (ജൂനിയർ) തസ്തികയിൽ കണ്ണൂർ ജില്ലയിൽ എത്ര വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി ജൂനിയർ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരായി പ്രൊമോട്ടു ചെയ്യുന്നതിനുള്ള നടപടി</u>

2683

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരെ സീനിയർ അദ്ധ്യാപകരായി പ്രൊമോട്ടു ചെയ്യുന്നതിനുള്ള നടപടിക്രമവും മാനദണ്ഡവും വിശദമാക്കാമോ;

(ബി) എൽ.പി/യു.പി, എച്ച്.എസ്.എ. തുടങ്ങിയവരെ എച്ച്.എസ്.എസ്.റ്റി. മാരായി പ്രൊമോട്ടു ചെയ്യുമ്പോഴുള്ള ആനുകൂല്യം ജൂനിയർ അദ്ധ്യാപകർക്ക് ലഭിക്കുന്നില്ലായെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൽ.പി./യു.പി., എച്ച.എസ്.എ മാരിൽ നിന്നും എച്ച്.എസ്.എസ്.റ്റി. മാരായി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിൽ നിന്നും പ്രൊമോഷൻ നടത്തുന്നതിന് അനുപാതം നിശ്ചയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണത്തിലെ അനോമലി</u>

2684 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹയർസെക്കന്ററി സീനിയർ അധ്യാപകരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഹയര്‍ സെക്കണ്ടറി ജിയോളജി അദ്ധ്യാപക തസ്തികകള്‍</u>

2685 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹയര്‍ സെക്കണ്ടറി സ്കൂളുകളില്‍ നിലവില്‍ ജിയോളജി അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണ് ഉള്ളത്;

(ബി) ഇതില്‍ സീനിയര്‍, ജൂനിയര്‍ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകള്‍ ഹയര്‍ സെക്കണ്ടറി വകുപ്പ് പി.എസ്.സി ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ; എങ്കില്‍ എന്നാണ് റിപ്പോര്‍ട്ട് ചെയ്തത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കണ്ടറി സ്കൂളിൽ ഗ്രാമപഞ്ചായത്തിനുള്ള അവകാശം</u>

2686 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന് ഒറ്റശേഖരമംഗലം ജനാർദ്ദനപുരം ഹയർ സെക്കണ്ടറി സ്കൂളിൽ എന്ത് അവകാശമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ആന്റിസിപ്പേറ്ററി തസ്തികകളിൽ യോഗ്യതാ പരിരക്ഷ</u>

2687 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച 550 ഹയർ സെക്കൻഡറി ബാച്ചുകളുടെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട ആന്റിസിപ്പേറ്ററി തസ്തികകളിൽ എത്ര അദ്ധ്യാപകർ നിയമിതരായി;

(ബി) ഇപ്രകാരം നിയമിതരായ അദ്ധ്യാപകർക്ക് തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിൽ എടുക്കുന്ന കാലതാമസം മൂലം പലർക്കും നിഷ്ക്കർഷിച്ചിട്ടുള്ള പ്രായപരിധി കടന്നുപോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇപ്രകാരം ആന്റിസിപ്പേറ്ററി തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്കു പങ്കാളിത്തപെൻഷൻ സ്കീമിലൂടെ നിയമനം നൽകാൻ പരിഗണിക്കുന്ന അവസരത്തിൽ യോഗ്യതാ പ്രായപരിധി കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇവർക്കു പരിരക്ഷ ലഭിക്കാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി ചോദ്യപേപ്പറുകളിലെ അപാകത

2688 ശ്രീ. തോമസ് ചാണ്ടി
,, എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മാസം നടന്ന ഹയർ സെക്കണ്ടറി പരീക്ഷയിൽ രണ്ടാം വർഷത്തെ ഫിസിക്സ്, ഇംഗ്ലീഷ്, ഒന്നാം വർഷത്തെ കെമിസ്ട്രി തുടങ്ങിയ പരീക്ഷകളുടെ ചോദ്യപേപ്പറിലുണ്ടായ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാർ സ്കൂളുകളിലുള്ള ശരാശരിക്കാരായ വിദ്യാർത്ഥികളെ കൂട്ടത്തോൽവിയിൽ നിന്ന് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഹയര്‍ സെക്കന്ററി പ്രിന്‍സിപ്പല്‍മാരെ നോണ്‍ ടീച്ചിംഗ് സ്റ്റാഫായി പരിഗണിക്കുന്നതിന് നടപടി</u>

2689 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹയര്‍ സെക്കന്ററി പ്രിന്‍സിപ്പല്‍മാരെ നോണ്‍ ടീച്ചിംഗ് സ്റ്റാഫായി പരിഗണിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ ജില്ലാന്തര സ്ഥലംമാറ്റം

2690 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്. റ്റി. ജൂനിയർ തസ്തികയിൽ വിവിധ വിഭാഗങ്ങളിൽ 2011 മെയ് 18 നു ശേഷം കണ്ണൂർ ജില്ലയിലേക്ക് എത്ര അദ്ധ്യാപകർക്ക് ജില്ലാന്തര സ്ഥലംമാറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാന്തര സ്ഥലംമാറ്റം ലഭിച്ചവർ ഓരോരുത്തരും അവർ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ എത്ര വർഷം സേവനം പൂർത്തീകരിച്ചവരാണെന്നു വ്യക്തമാക്കുമോ;

(സി) ജില്ലാന്തര സ്ഥലംമാറ്റം അല്ലാതെ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കണ്ണൂർ ജില്ലയിൽ എത്ര പേർക്കു സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ

2691 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ നിലവിലുണ്ടോ; ഇത് പരിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രാബല്യം എന്നുമുതലാണെന്ന് അറിയിക്കുമോ;

(ബി) 2011-ന് ശേഷം ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റം നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) 2013-ലെ ജനറൽ ട്രാൻസ്ഫർ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

വി.എച്ച്.എസ്.ഇ-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

2692 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളിലെ ചില കോഴ്സുകൾക്ക് പി.എസ്.സി. യുടെ അംഗീകാരമില്ലാത്ത അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വി.എച്ച്.എസ്.ഇ-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) പിന്നോക്ക പ്രദേശമായ കാസർകോട് മൊഗ്രാൽ ഗവ. വെക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിൽ ട്രാവൽ ആന്റ് ടൂറിസം കോഴ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>വൊക്കേഷണല്‍ ഹയര്‍ സെക്കന്‍ഡറി കോഴ്സ് പരിഷ്ക്കരണം</u>

2693 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൊക്കേഷണല്‍ ഹയര്‍ സെക്കന്‍ഡറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള കോഴ്സുകള്‍ പരിഷ്ക്കരിക്കാന്‍ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കില്‍, ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) ആയതിലേയ്ക്കായി ഡയറക്ടറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍, എത്ര നാളായി ഡയറക്ടര്‍ ഇല്ലാതെ സ്ഥാപനം പ്രവര്‍ത്തിക്കുന്നു; ഇതിന്റെ കാരണം എന്താണ്?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പ്ലസ് ടു സ്കൂളുകൾ ആരംഭിക്കാൻ നടപടി</u>

2694 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി പഠനസൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ അടുത്ത അധ്യയനവർഷം തന്നെ പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) പ്ലസ് ടു സ്കൂളുകളില്ലാത്ത പുന്നപ്ര വടക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തുകളിലെ ഗവൺമെന്റ് സ്കൂളുകളിൽ ഹയർസെക്കന്ററി വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സെറ്റ് പരീക്ഷ പരിഷ്കരണം</u>

2695 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി അധ്യാപകരാകുന്നതിനുള്ള യോഗ്യതാ പരീക്ഷയായ സെറ്റ് പരീക്ഷാ പരിഷ്കരണം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സെറ്റ് പരീക്ഷ യുജി.സി. സെറ്റ് പരീക്ഷ പോലെ തന്നെ 6 മാസത്തിലൊരിക്കൽ വർഷത്തിൽ രണ്ട് പ്രാവശ്യം കൃത്യമായ ഇടവേളകളിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സീനിയർ - ജൂനിയർ വിവേചനം പരിഹരിക്കാൻ നടപടി</u>

2696 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരേ അടിസ്ഥാന യോഗ്യതയിൽ നിയമനം നേടുന്ന അദ്ധ്യാപകരിൽ ഹയർ സെക്കന്ററിയിൽ ഉള്ളവരെ സീനിയർമാരായും വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ ഉൾപ്പെടുന്നവരെ ജൂനിയർമാരായും കണക്കാക്കുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപാകത പരിഹരിക്കണമെന്ന വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ അദ്ധ്യാപകരുടെ ആവശ്യത്തിന്മേൽ എന്തു നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹയർ സെക്കന്ററിയിലെ ഒരു പീരിഡ് 45 മിനിറ്റും വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ ഒരു പീരിഡ് 1 മണിക്കൂറും എന്ന വ്യത്യാസംമൂലം ജീവനക്കാർക്കുണ്ടായ വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപാകതകൾ പരിഹരിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര പി. ആർ. വില്യം ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റ്മാരുടെ അംഗീകാരം</u>

2697 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പി. ആർ വില്യം ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ എത്ര ലാബ് അസിസ്റ്റന്റ്മാരാണ് ജോലി നോക്കി വരുന്നത്;

(ബി) ഇതിൽ എത്ര പേരുടെ നിയമനം അംഗീകരിച്ചിട്ടുണ്ട്;

(സി) നിയമനത്തിന് അംഗീകാരം ലഭിക്കാത്ത ലാബ് അസിസ്റ്റന്റുമാരുണ്ടെങ്കിൽ അംഗീകാരം ലഭ്യമാകുന്നതിനുള്ള തടസ്സം സംബന്ധിച്ചു വിശദ വിവരം നൽകുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

സ്മാർട്ട് ക്ലാസ്സ് റൂമുകൾ

2698 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മേഖലയിലെയും എയ്ഡഡ് മേഖലയിലെയും ഹയർസെക്കന്ററി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂമുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നത് ഏതു സ്കീമിൽപ്പെടുത്തിയാണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) 2012-13-ൽ കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്കൂളുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) 2013-2014-ൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ വിരമിക്കുന്ന മലയാളം പ്രൈമറി സ്കൂൾ അധ്യാപകർ

T. 2699 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 അധ്യായന വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര മലയാളം പ്രൈമറി സ്കൂൾ അധ്യാപകരാണ് വിരമിക്കുന്നത്; സ്കൂളിന്റെ പേര് സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിരമിക്കലുകൾ മൂലമുണ്ടാകുന്ന ഒഴിവുകളിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെടേണ്ടതായ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പ്രൈമറി അദ്ധ്യാപകരുടെ ഹയർ സെക്കണ്ടറി പ്രൊമോഷൻ</u>

2700 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രൈമറി വിഭാഗത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് യോഗ്യതയും അധികയോഗ്യതയും ഉണ്ടായിട്ടും ഹയർ സെക്കണ്ടറി വിഭാഗത്തിലേയ്ക്ക്, ഹൈസ്കൂൾ വിഭാഗത്തിൽ യോഗ്യരായവരുടെ അഭാവത്തിൽ മാത്രമേ പ്രൊമോഷൻ ലഭിക്കുകയുള്ളൂ എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുവാൻ നിലവിലെ 25% ക്വാട്ട ആനുപാതികമായി പുനർ നിശ്ചയിക്കുന്നതിന് ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പ്രൈമറി വിദ്യാലയങ്ങളിൽ ഇന്റർനെറ്റ് സൗകര്യം</u>

2701

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളിൽ ശമ്പളബിൽ തയ്യാറാക്കൽ, പാഠപുസ്തകങ്ങൾക്കുള്ള ഇന്റന്റ് നൽകൽ, കുട്ടികളുടെ യു. ഐ. ഡി. നമ്പർ നൽകൽ, സ്കോളർഷിപ്പ് ശീർഷകങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങി നിരവധി ജോലികൾ ഓൺ ലൈൻ മുഖാന്തിരം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകാറുണ്ടോ ;

(ബി) ഇത്തരം നിർദ്ദേശം ലഭിക്കുന്ന പ്രൈമറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ/ഇന്റർനെറ്റ് സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ :

(സി) അനുബന്ധ പ്രവർത്തനങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളോ, പ്രവർത്തനപരിചയം ഉള്ള ജീവനക്കാരോ മിക്ക പ്രൈമറി സ്കൂളുകളിലും ഇല്ലായ്കയാൽ പുറത്ത് നിന്നും ജോലികൾ നടപ്പിലാക്കുന്നതിന് വേണ്ട ഫണ്ട് ലഭ്യമാക്കാറുണ്ടോ ;

(ഡി) ഇല്ലായെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടി കൈക്കൊള്ളുമോ ;

(ഇ) ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിന് വേണ്ടി പ്രൈമറി സ്കുളുകളിൽ സമ്പൂർണ്ണമായി ഓൺലൈൻ ആയി ഡേറ്റാ എൻട്രി നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ എന്തെല്ലാം പദ്ധതിയാണ് പരിഗണനയിലുള്ളത് ;

(എഫ്) ഇല്ലെങ്കിൽ സമയബന്ധിതമായി അത്തരം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമുണ്ടാകുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി ക്ലാസ്സുകൾക്ക് അംഗീകരിച്ച സിലബസ്സ്</u>

2702

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി ക്ലാസ്സുകൾക്ക് അനുവാദം നൽകാറുണ്ടോ;

(ബി) എങ്കിൽ മറ്റു ക്ലാസ്സുകൾക്ക് ഉള്ളതുപോലെ ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി ക്ലാസ്സുകൾക്ക് അംഗീകരിച്ച പാഠപുസ്തകങ്ങളും സിലബസ്സും കരിക്കുലവും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിച്ച് പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് അല്ലെങ്കിൽ ശുപാർശ ചെയ്യുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനത്തെ ചുമതലപ്പെടുത്താമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>പി. ഡി. ടീച്ചർമാരുടെ നിയമനം</u>

2703 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിൽ എത്ര പ്രൈമറി ഡിവിഷൻ അദ്ധ്യാപകർ ജോലി ചെയ്തുവരുന്നു; ഏതു വർഷംവരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്;

(ബി) 1.6.2012-ൽ എത്ര പി. ഡി. ടീച്ചർമാർ പി.എസ്.സി വഴി നിയമനം നേടി;

(സി) നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ 16.02.2012 ൽ ജോയിൻ ചെയ്തവർ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു തീയതി വരെയുള്ളവരാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ഡി) മറ്റ് ജില്ലകളിൽ നിന്നും പാലക്കാട് ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങി എത്ര അദ്ധ്യാപകർ നിയമിക്കപ്പെട്ടു;

(ഇ) 1.6.2008 മുതൽ 28.2.2013 വരെ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി പാലക്കാട് ജില്ലയിൽ ജോയിൻ ചെയ്ത അദ്ധ്യാപകരുടെ വിലാസം പ്രസിദ്ധീകരിക്കാമോ; അവർ നിലവിൽ ഏതെല്ലാം സ്കൂളുകളിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യൽ</u>

2704 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ പഞ്ചായത്തിലെ കുറുമ്പാല അപ്പർ പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നിവേദനം സംബന്ധിച്ച് സർക്കാർ വശം നിലവിലുള്ള ഫയൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ</u>

T 2705 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ (എൽ.പി.എസ്.എ.) ഒഴിവുകൾ നിലവിലുണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ഉപജില്ലതിരിച്ച് സ്കൂളിന്റെ പേരുസഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്ത ഫയൽ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ

T 2706 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനസ്സും ചിന്തയും വളരാത്ത കുട്ടികളെ പഠിപ്പിക്കുന്ന എത്ര സ്കൂളുകളാണ് കേരളത്തിലുള്ളത്;

(ബി) ഇതിൽ സർക്കാർ അധീനതയിലുള്ള സ്കൂളുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ പരിശീലനം നേടിയ ട്രെയിനർമാരെ ഉപയോഗപ്പെടുത്തി സ്കൂൾ തലം മുതൽ തൊഴിൽ പരിശീലനം നൽകുന്നതിനും പന്ത്രണ്ടാം ക്ലാസ്സിന് ശേഷം അവർക്ക് ചെയ്യാൻ സാധിക്കുന്ന രീതിയിലുള്ള കുട, കവർ, ചോക്ക്, പാവ, സോപ്പ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) നിർധന കുടുംബത്തിൽപ്പെട്ട ഇത്തരം കുട്ടികൾക്ക് നിശ്ചിത കാലയളവുകളിൽ ചികിത്സാ സഹായം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ബധിര വിദ്യാലയങ്ങളിലെ അസിസ്റ്റന്റ് ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

2707

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ബധിര വിദ്യാലയങ്ങളിലെ അസിസ്റ്റന്റ് ടീച്ചർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കേണ്ടിവന്ന സാഹചര്യം എന്തായിരുന്നു ; പുതുക്കിയ ലിസ്റ്റ് ഏതു മാനദണ്ഡങ്ങൾ പ്രകാരമുള്ളതാണ് ;

(ബി) സ്റ്റാഫ് ഫിക്സേഷനിൽ അധികമെന്നു കണ്ടെത്തിയ എത്ര പേരെ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ മാറ്റി നിയമിച്ചിട്ടുണ്ട് ; അവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) മാറ്റി നിയമിക്കപ്പെട്ടവർ ഏറ്റവും ജൂനിയർ ആയിരുന്നോ ; അല്ലെങ്കിൽ ഏതു മാനദണ്ഡപ്രകാരമാണ് മാറ്റി നിയമനം നടത്തിയത് ?

(ഡി) ഈ വിദ്യാലയങ്ങളിൽ കുറഞ്ഞത് ഒരു വിദ്യാർത്ഥിയെങ്കിലും ഉണ്ടെങ്കിൽ ഡിവിഷൻ നിലനിർത്തി ആ കുട്ടിയുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ബധിര സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസ - താമസ - ചികിത്സാ സൗകര്യങ്ങൾ</u>

2708 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ബധിരസ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസ -താമസ-ചികിത്സാകാര്യങ്ങൾ കാലാനുസൃതമായി ചിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) പി.ഡബ്ല്യൂ.ഡി. ആക്റ്റിന്റെ (പേഴ്സൺ വിത്ത് ഡിസബിലിറ്റി ആക്റ്റ്) പരിധിയിൽപ്പെട്ട കുട്ടികൾക്ക് സാധാരണ വിദ്യാർത്ഥി കൾക്കു ലഭിക്കുന്ന അവകാശങ്ങൾക്കും ആനുകൂല്യ ങ്ങൾക്കും അർഹതയുണ്ടോ;

(സി) കെ.ഇ.ആർ. പരിഷ്ക്കരണക്കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇത്തരം സ്കൂളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തു കൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ഡി) ബധിരരായ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുവാൻ പ്രധാനാദ്ധ്യാപകരുടെ സജീവശ്രദ്ധയും സാന്നിദ്ധ്യവും ഉറപ്പാക്കുന്നതിനായി, അവർക്ക് സ്കൂൾ കോമ്പൗണ്ടിൽത്തന്നെ ആധുനികസജ്ജീകരണങ്ങളോടു കൂടിയ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ, അവർ അവിടെ താമസിച്ചു ജോലിനോക്കുന്നുണ്ടോ;

(ഇ) അധികൃതരുടെ ഉത്തരവാദിത്വമില്ലായ്മ മൂലം പ്രസ്തുതസ്ഥാപനങ്ങളിലെ കുട്ടികൾക്ക് പീഡനം ഏറ്റുവാങ്ങേണ്ടിവന്നതും, തക്കസമയത്തു ചികിത്സ കിട്ടാതിരുന്നതിനാൽ കുട്ടികൾ മരിക്കാൻ ഇടയായതുമായ സംഭവങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുവരികയും, ഹൈക്കോടതി ഇടപെടുകയും ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ, ഏതെല്ലാം സംഭവങ്ങളാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ സ്കൂളുകൾ</u>

T 2709 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിവൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ സർക്കാർ മേഖലയിൽ എത്ര; സന്നദ്ധ സംഘടനകൾ നടത്തുന്നത് എത്ര;

(ബി) സന്നദ്ധസംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കുന്നുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ വേതനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>പഠനഭാരം കുറയ്ക്കുന്നതിന് നടപടി</u>

2710 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി സാമൂഹ്യപാഠപുസ്തകം വിദ്യാർത്ഥികൾക്ക് അമിതപഠനഭാരം ഏൽപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതികളിന്മേൽ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മുൻ വർഷങ്ങളിലേതുപോലെ പരീക്ഷയ്ക്ക് പഠനഭാരം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സ്ക്രൈബിനെ അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

2711

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷ എഴുതുന്ന ഐ. ഇ. ഡി. വിദ്യാർത്ഥികൾക്ക് സ്ക്രൈബിനെ അനുവദിക്കുന്നതിനും എക്സ്ട്രാടൈം കിട്ടുന്നതിനും വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നും എത്ര വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അപേക്ഷകളാണ് ലഭിച്ചതെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര കുട്ടികൾക്കാണ് സ്ക്രൈബിനെ അനുവദിച്ചതെന്നും എക്സ്ട്രാടൈം അനുവദിച്ചതെന്നും പ്രത്യേകം വ്യക്തമാക്കുമോ ;

(സി) സ്ക്രൈബിനെ അനുവദിക്കുന്നതിനും എക്സ്ട്രാ ടൈം അനുവദിക്കുന്നതിനും നിശ്ചയിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ അവസ്ഥ

2712 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി പദ്ധതിയിൽ ആരംഭിച്ചിട്ടുള്ളതും ഇപ്പോൾ എസ്.എസ്.എ പദ്ധതിയിൽ തുടരുന്നതുമായ ബദൽ സ്കൂളുകൾ അഥവാ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ നിലവിലെ അവസ്ഥ എന്താണ്;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിലുള്ള എത്ര സ്കൂളുകളുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ഏതെല്ലാം ബദൽ സ്കൂളുകളെയാണ് എൽ.പി. യായി ഉയർത്താൻ ആലോചിക്കുന്നത്; ഇതിന്റെ നടപടിക്രമങ്ങൾ ഏത് വരെയായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകരെ യോഗ്യതയ്ക്കനുസരിച്ച് എൽ.പി. സ്കൂളുകളിൽ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുകയാണെങ്കിൽ കാസർഗോഡ് ജില്ലയിലെ പിന്നോക്ക പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഇത്തരം ബദൽ സ്കൂളുകൾ എൽ.പി ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഐ. ടി. അറ്റ് സ്കൂള്‍ പദ്ധതി

2713 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2001-ല്‍ രൂപീകൃതമായ ഐ.ടി. അറ്റ് സ്കൂള്‍ പ്രവര്‍ത്തനം കഴിഞ്ഞ ഒരു വര്‍ഷമായി അവതാളത്തിലാണെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടുവോ; വിശദമാക്കുമോ;

(ബി) ഇതു കാരണം 2012-13 അക്കാദമിക് വര്‍ഷം സംസ്ഥാനത്തെ സ്കൂളുകളില്‍ എട്ട്, ഒന്‍പത് ക്ലാസ്സുകളിലെ ഐ. ടി. പരീക്ഷ അനിശ്ചിതത്വത്തിലായിയെന്ന വസ്തുത ശ്രദ്ധയില്‍ പ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം കാലാകാലങ്ങളായി നല്ല രീതിയില്‍ നടന്നുവരുന്ന എസ്.എസ്.എല്‍.സി പരീക്ഷയുടെ ഭാഗമായ ഐ.ടി. പരീക്ഷ 90 ശതമാനം സ്കൂളുകളിലും 2012-13 അക്കാദമിക് വര്‍ഷം ആദ്യദിനത്തില്‍ തന്നെ മുടങ്ങിയതായി മനസിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ലക്ഷക്കണക്കിന് രൂപ പൊതുഖജനാവില്‍ നിന്ന് ചെലവഴിച്ച 'സമ്പൂര്‍ണ്ണ' എന്ന സ്കൂള്‍ മാനേജ്മെന്റ് സോഫ്റ്റ്വെയര്‍ 2012-13 അദ്ധ്യായന വര്‍ഷം വേണ്ടരീതിയില്‍ നടപ്പാക്കാന്‍ കഴിയാത്തത് ശ്രദ്ധയില്‍ പെട്ടുവോ; വിശദമാക്കുമോ;

(ഇ) ഐ. ടി. അറ്റ് സ്കൂളില്‍ ഇപ്പോള്‍ നടക്കുന്ന പുതിയ നിയമനങ്ങള്‍ എല്ലാം ഒരു മാനദണ്ഡവും പാലിക്കാതെയാണ് നടക്കുന്നതെന്ന വ്യാപക ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടുവോ; എങ്കില്‍ ഇത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികളാണ് ഇനി സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) ഈ സര്‍ക്കാര്‍ വന്നതിനു ശേഷം ഇപ്രകാരം ഗൗരവമായ വീഴ്ചകളിലേക്ക് കൂപ്പുകുത്തുന്ന ഐ. ടി. അറ്റ് സ്കൂളിനെ 2013-14 അദ്ധ്യായനവര്‍ഷം ശരിയായ ദിശയിലേയ്ക്ക് എത്തിക്കുവന്‍ എന്ത് നടപടിയാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഐ.ടി പരീക്ഷ നടത്തിപ്പിലെ ബുദ്ധിമുട്ട്</u>

2714 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 2013 വർഷാന്ത്യത്തിലെ ഐ.റ്റി പരീക്ഷ സമയകുറവ് മൂലം നടത്താൻ ബുദ്ധിമുട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കായികക്ഷമത ഉറപ്പ് വരുത്തുന്നതിന് പദ്ധതി</u>

2715 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ കായികക്ഷമത ഉറപ്പ് വരുത്തുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് ; സ്കൂളുകളിൽ ഇത് ശരിയായവിധം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത് തലത്തിൽ എൽ.പി., യു. പി., വിദ്യാർത്ഥികൾക്കായി ഒരു കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>കായിക പരിശീലനം</u>

2716 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചെറുപ്പത്തിൽതന്നെ സ്വയരക്ഷയ്ക്കുള്ള കരുത്ത് നേടിയെടുക്കത്തക്കവിധം പ്രാപ്തരാക്കുന്നതിലേക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള കായിക പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

**സ്കൂൾ തലത്തിൽ സ്പോർട്സ് ഇനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതികൾ**

T 2717 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കബഡി, ഹോക്കി, ഖോഖോ, ബാസ്ക്കറ്റ് ബോൾ എന്നീ സ്പോർട്സ് ഇനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള ഏതെല്ലാം പദ്ധതികളാണ് വൈപ്പിൻ മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ആരോഗ്യ-കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യ വിഷയമാക്കുന്നതിനുള്ള നടപടി</u>

2718 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ-കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യ വിഷയമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) കായികാദ്ധ്യാപകരെ ഒന്നിലധികം സ്കൂളുകളിൽ ക്ലബ്ബിംഗ് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുമോ ; ഇതിനുള്ള നീക്കം ഉപേക്ഷിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കാവിലുംപാറ ഗവൺമെന്റ് യു. പി. സ്കൂൾ അപ്ഗ്രഡേഷൻ</u>

2719

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ കാവിലുംപാറ ഗവൺമെന്റ് യു.പി.സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 2013-2014 അദ്ധ്യയന വർഷം പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) അടിസ്ഥാന സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ എന്നിവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) ഇവ സമയബന്ധിതമായി പൂർത്തീകരിച്ച് അടുത്ത അദ്ധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>യു.പി സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താൻ തീരുമാനം</u>

2720 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപെട്ട ഏതെല്ലാം യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിലേക്കുള്ള പ്രവേശനം വരുന്ന അദ്ധ്യയനവർഷം മുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളിൽ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

കൊയ്പ്പാടിയിൽ ഹൈസ്കൂൾ

2721 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരദേശ മേഖലയിൽ എത്ര സർക്കാർ ഹൈസ്കൂളുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതും പുഴയും റെയിൽവേ ഇരട്ടപ്പാതയും ദേശീയ പാതയും കടക്കേണ്ടതിനാൽ തുടർപഠനത്തിന് പോകാനാവാതെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന കാസർഗോഡ് കൊയ്പ്പാടി കടപ്പുറം പ്രദേശത്തെ വിദ്യാർത്ഥികളുടെ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ ആർ.എം.എസ്.എ പദ്ധതിയിൽ ഒരു ഹൈസ്കൂൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>തലശ്ശേരി അസംബ്ളി മണ്ഡലത്തിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2722 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി അസംബ്ളി മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഏതെങ്കിലും സ്ഥാപനം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനമാണെന്നും ഇതിനായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) സ്ഥാപനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

നൂറനാട് പടനിലം ഏലിയാസ് നഗർ ഫാത്തിമമാതാ സ്കൂളിന് അംഗീകാരം

2723 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ നൂറനാട്, പടനിലം, ഏലിയാസ്നഗർ, ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ 2003 -04 വർഷം മുതൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നല്കി വരുന്നത് പരിഗണിച്ച് അംഗീകാരം നല്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സ്കൂൾ സംബന്ധിച്ച് മാവേലിക്കര ഡി.ഇ.ഒ, എ.ഇ.ഒ എന്നിവർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനി, ലക്ഷംവീട്കോളനി, പട്ടികജാതി കോളനി, മറ്റ് പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവർ എന്നിവരുടെ മക്കൾക്ക് രണ്ട് കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിച്ച് വിദ്യാഭ്യാസം ചെയ്യേണ്ടി വന്നിരുന്ന സാഹചര്യത്തിൽ പുനലൂർ ബിഷപ്പ് സ്ഥാപിച്ച പ്രസ്തുത സ്കൂളിനെതിരെ ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ എന്തെങ്കിലും പരാതി നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പാവപ്പെട്ടവരുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം നല്കുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അംഗീകാരം നല്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) കേരളാ വിദ്യാഭ്യാസ ചട്ടം നിർദ്ദേശിക്കുന്ന എല്ലാ പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുകയും സ്റ്റേറ്റ് ഇംഗ്ലീഷ് മീഡിയം സിലബസ് പഠിപ്പിക്കുകയും മലയാള നിർബന്ധിതമായി നടപ്പാക്കുകയും ചെയ്യുന്ന ഈ മാതൃക വിദ്യാലയത്തിന് അംഗീകാരം നല്കുവാൻ എന്തൊക്കെ അടിയന്തര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം

2724 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നും ദൂരത്തായി സ്ഥിതിചെയ്യുന്ന പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസുമായി ബന്ധപ്പെടുന്നതിന് അടൂർ നിവാസികൾ വളരെയേറെ ബുദ്ധിമുട്ടനുഭവിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ അനുബന്ധ വിഷയത്തിൻമേൽ വിശദമായ വിലയിരുത്തൽ നടത്തുമോ;

(സി) പത്തനംതിട്ട റവന്യൂ ജില്ലയിൽ നിലവിലുള്ള തിരുവല്ല, പത്തനംതിട്ട വിദ്യാഭ്യാസ ജില്ല ആഫീസുകളുടെ പരിധിയിൽ വരുന്നതായ സ്ക്കൂളുകളുടേയും മറ്റ് അനുബന്ധ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പുനരൂപീകരണം നടത്തി അടൂർ വിദ്യാഭ്യാസജില്ല രൂപീകരിക്കുന്നതിനുള്ള നടപടി നിലവിലുണ്ടോ;

(ഡി) ഇല്ലായെങ്കിൽ അടൂർവിദ്യാഭ്യാസജില്ല രൂപീകരിച്ച് നിലവിൽ പത്തനംതിട്ട, തിരുവല്ല എന്നീ ജില്ലാ ആഫീസുകളിൽ നിലനിൽക്കുന്ന ജോലിഭാരം കുറച്ച് കാര്യക്ഷമതയോടെ ജോലി നിർവ്വഹിക്കുന്നതിനും, അടൂർ നിവാസികൾ ഇന്നനുഭവിക്കുന്ന ജില്ലാ വിദ്യാഭ്യാസ ആഫീസ് ഇല്ലായ്മ പരിഹരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സി. ബി. എസ്.ഇ സ്കൂളുകൾ</u>

2725 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ സി. ബി. എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) സി. ബി. എസ്.ഇ അടിസ്ഥാനത്തിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) സ്വകാര്യ സി. ബി. എസ്.ഇ സ്കൂളുകളുടെ മേൽ എന്തെല്ലാം നിയന്ത്രണങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സി. ബി. എസ്.ഇ സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മാതൃഭാഷയായ മലയാളം പാഠ്യവിഷയമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എൻ.ഒ.സി ലഭിച്ച സി.ബി.എസ്.ഇ സ്കൂളുകൾ</u>

2726 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ അംഗീകാരം ഉണ്ടായിരുന്ന സി.ബി.എസ്.ഇ സ്കൂളുകൾ എത്രയായിരുന്നു;

(ബി) പുതുതായി എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുകയുണ്ടായി;

(ഡി) നിലവിലുണ്ടായിരുന്നതും, ഈ സർക്കാർ അനുമതി നൽകിയതുമായ സി.ബി.എസ്.ഇ സ്കൂളുകളുടെ എണ്ണം പ്രത്യേകമായി ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>എസ്. സി. ഇ. ആർ. ടി. യിൽ പ്യൂൺ/ക്ലറിക്കൽ - അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം</u>

2727

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗിൽ പ്യൂൺ/ക്ലറിക്കൽ - അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 2013 ഫെബ്രുവരി മാസം 9-ാം തീയതി ഒട്ടേറെ പേർ പരീക്ഷ എഴുതിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പരീക്ഷയുടെ റിസൾട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്ന്
വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അദ്ധ്യാപികമാർക്കെതിരെ നടപടി</u>

2728 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 20/7/2012 ൽ 1939/വി.ഐ.പി/12/എം(എഡ്യു) നമ്പരായി വിദ്യാഭ്യാസവകുപ്പ് മന്ത്രിക്ക് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ അദ്ധ്യാപികമാരെക്കുറിച്ച് സ്കൂൾ തലത്തിൽ മറ്റ് വിദ്യാർത്ഥിനികളോട് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) 12/10/2011 ൽ ശ്രീ. ഗിരീശൻ, പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വിദ്യാഭ്യാസ മന്ത്രിക്ക് നൽകിയ പരാതിയിൻമേൽ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ ക്രമ നമ്പർ 4,5 പ്രകാരം കുറ്റക്കാരായ അദ്ധ്യാപികമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപികമാർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാര പരിധി</u>

2729 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാര പരിധി ഭരണ സേവന സൗകര്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി ഉപജില്ലയ്ക്കു കീഴിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ ഡെവലപമെന്റ് പ്രോഗ്രാം</u>

2730 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏതെല്ലാം ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികൾ</u>

2731 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്ര കോടി രൂപ മുതൽമുടക്ക് വരുന്ന പുതിയ പദ്ധതികളുടെ പഠന റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്ര മാനവശേഷി മന്ത്രിക്ക് കൈമാറിയെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യാപകർക്ക് പരിശീലനം നൽകുന്നതിന് ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് എന്ത് തുക അനുവദിക്കണമെന്ന് പദ്ധതി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) പ്രസ്തുത പഠന റിപ്പോർട്ടിൽ സംസ്ഥാനത്തെ നിർദ്ദിഷ്ട ഐ.ഐ.ടി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കൊച്ചി സർവ്വകലാശാലയെ ഐ.ഐ.ഇ.എസ്.ടി ആയി ഉയർത്തുവാൻ പഠന റിപ്പോർട്ടിൽ നിർദ്ദേശം ഉണ്ടോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത പഠന റിപ്പോർട്ട് കേന്ദ്രമാനവ വിഭവ ശേഷി മന്ത്രിക്ക് എന്നാണ് കൈമാറിയത്; 2013-14 അക്കാദമിക് വർഷം ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് കണക്കാക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ആഗോളനിലവാരത്തിലുള്ള ഉന്നതവിദ്യാഭ്യാസ രംഗം</u>

2732 ശ്രീ. ഹൈബി ഈഡന്‍
,, പി. എ. മാധവന്‍
,, ആര്‍. സെല്‍വരാജ്
,, വി.ഡി സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗം ആഗോള നിലവാരത്തിലെത്തിക്കുവാന്‍ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശങ്ങള്‍ അറിയിക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് പദ്ധതികളില്‍ ഒരുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ കൗൺസിൽ</u>

2733 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) കൗൺസിൽ പരിശോധിക്കേണ്ട വിഷയങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നുവോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകുമോ;

(സി) യ.ജി.സി മാനദണ്ഡങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ കൗൺസിൽ പരിശോധിച്ചിട്ടുണ്ടോ;

(ഡി) യൂ.ജി.സി മാനദണ്ഡങ്ങൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃത്യമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളുമായി പരസ്പര സഹകരണത്തോടെ പദ്ധതികൾ</u>

2734 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളുമായി പരസ്പര സഹകരണത്തോടെ പദ്ധതികൾ നടപ്പാക്കാൻ ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ആയത് കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെ; വിശദമാക്കുമോ;

(സി) ആയതിന് പദ്ധതി രേഖ സംസ്ഥാനം മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) മുന്നോട്ടു വച്ച പദ്ധതി രേഖകളെകുറിച്ച് മറ്റു സംസ്ഥാനങ്ങളിലെ കൗൺസിലുകളുടെ പ്രതികരണമെന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സർക്കാർ/എയിഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജ്</u>

2735

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/എയിഡഡ് മേഖലയിൽ ആർട്സ് & സയൻസ് കോളേജുകൾ ഇല്ലാത്ത എത്ര നിയോജകമണ്ഡലങ്ങൾ ഉണ്ട്; മണ്ഡലങ്ങളുടെ പേരടക്കം വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

**<u>ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗേജ് യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ് പദ്ധതി</u>**

2736 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി സംബന്ധിച്ച് ഭൂമി കൈമാറ്റം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ക്യാമ്പസ് വഴി എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>അക്കാഡമിക്ക് സിറ്റി</u>

2737 ശ്രീ. എ. റ്റി. ജോർജ്ജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമിക്ക് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സ്കിൽ ഡെവലപ്പമെന്റ് എക്സിക്യൂട്ടീവുമാർക്കുവേണ്ടി</u>
<u>ക്യാമ്പസ് റിക്രൂട്ട്മെന്റ്</u>

2738 ശ്രീ. കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കിൽ ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവുമാർക്കുവേണ്ടി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ റിക്രൂട്ട്മെന്റിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവരുടെ സേവനം ഏതുവിധത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിദ്യാർത്ഥികൾക്ക് ആധുനിക വിദ്യാഭ്യാസരീതികളിൽ പരിശീലനം നല്കാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യരായവരുടെ കണക്കെടുപ്പ്</u>

2739 ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും 17-18 ഏജ് ഗ്രൂപ്പിൽപ്പെട്ട എത്ര പേർ ഉണ്ടെന്നത് സംബന്ധിച്ച ജനസംഖ്യാ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) ഈ ഏജ് ഗ്രൂപ്പിലെ എത്ര കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് ചേരുന്നുണ്ടെന്നതിന്റെ ജില്ലതിരിച്ച കണക്ക് ലഭ്യമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസത്തിന് ഓരോജില്ലയിലും ലഭ്യമായ സീറ്റുകളുടെ എണ്ണവും, പഠനയോഗ്യരായ ഏജ് ഗ്രൂപ്പിലെ ജനസം ഖ്യയും തമ്മിലെ അനുപാതം ജില്ല തിരിച്ചു നല്കാമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

<u>പുതുതായി ആരംഭിക്കുന്ന എൻജിനീയറിംങ്</u>
<u>കോളേജുകളുടെ വിശദാംശം</u>

2740 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, കെ. രാജു
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം; പ്രസ്തുത കോളേജുകളിൽ ആകെ എത്ര സീറ്റുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര സീറ്റുകളാണ് ഈ വർഷം ഒഴിഞ്ഞു കിടക്കുന്നത്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ - എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷകളിലെ പരിഷ്കാരം</u>

2741 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ - എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ കാലോചിതമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) എൻട്രൻസ് പരീക്ഷകൾ പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

2742 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യൂ റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സ്വാശ്രയ എഞ്ചിനീയറിഗ് കോളേജുകളാണ് നിലവിലുള്ളത്;

(ബി) അവയുടെ ഗുണനിലവാരത്തെ സംബന്ധിച്ച് പഠനമോ, പരിശോധനയോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ്</u>

2743 ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നയം എന്താണ് ; പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നറിയിക്കാമോ ;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ ; സർക്കാരിന്റെ കണ്ടെത്തൽ എന്തായിരുന്നു ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ ;

(ഇ) നിലവാരം ഉയർത്താനായി എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ</u>

2744 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു സർക്കാർ എയ്ഡഡ്, സഹകരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് നിലവിലുള്ളത്; ആകെ എത്ര കോളേജുകളാണ് ഉള്ളത്; തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) 2012-13 അക്കാദമിക് വർഷം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നൂറുകണക്കിന് സീറ്റുകൾ ഒഴിഞ്ഞു കിടക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ മൂന്നിലൊന്നു ബി. ടെക് സീറ്റുകളും ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളെയും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികളെയും ഇവിടേയ്ക്ക് ആകർഷിക്കുവാൻ 2013-14 അക്കാദമിക് വർഷം മുതൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദമാക്കുമോ;

(ഇ) കേരളത്തിൽനിന്ന് 2011-12, 2012-13 അക്കാദമിക് വർഷം ശരാശരി എത്ര വിദ്യാർത്ഥികൾ തമിഴ്നാട്, കർണ്ണാടക എന്നീ അന്യസംസ്ഥാനങ്ങളിൽ ബി. ടെക് പഠിക്കുന്നതായി കണക്കാക്കുന്നു;

(എഫ്) മാർക്ക് സമീകരണത്തിന്റെ പേരിൽ എഞ്ചിനീയറിംഗ് റാങ്ക് പട്ടിക വൈകുന്നതാണ് സംസ്ഥാനത്തെ കുട്ടികൾ അന്യസംസ്ഥാനങ്ങളിലെ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുവാൻ കാരണമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി

യാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജ) കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ വിജ്ഞാപനം മറ്റു സംസ്ഥാനങ്ങളിലെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും മറ്റു സംസ്ഥാനങ്ങളിൽ പരീക്ഷാകേന്ദ്രം അനുവദിക്കുകയും ചെയ്താൽ കൂടുതൽ വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം</u>

2745 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിജയശതമാനം ഉയർത്തുവാൻ എപ്രകാരമുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് കർശനമായി പാലിച്ചാൽ എത്ര സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ 2013-14 അധ്യയനവർഷം പ്രവേശനം നടത്താൻ സാധിക്കാതെ വരുമെന്നാണ് കണക്കാക്കുന്നത്; ഇപ്രകാരമുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് ഇറക്കിയതിനുശേഷമുള്ള സ്വാശ്രയ എൻജിനീയറിംഗ് മാനേജ്മെന്റുകളുടെ നിലപാടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പത്ത് ശതമാനത്തിൽ താഴെ മാത്രം പരീക്ഷ പാസ്സാകുന്ന ബി.ടെക് വിദ്യാർത്ഥികൾ പഠിക്കുന്ന എത്ര സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു; അവ ഏതെല്ലാം; വിശദമാക്കുമോ;

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസരംഗത്തെ പൊതുമേഖലയുടെ സ്വാധീനം</u>

2746 ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ-സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ സിംഹഭാഗവും ഇപ്പോൾ വിദ്യാഭ്യാസക്കച്ചവടക്കാരുടെ വിഹാരകേന്ദ്രമായി മാറിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യവും നിലപാടും എന്തായിരുന്നുവെന്നു പരിശോധിച്ചിട്ടുണ്ടോ; ഇതു തിരുത്താനുദ്ദേശ്യമുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തു നിലവിലുള്ള സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യ-സ്വാശ്രയസ്ഥാപനങ്ങളുടെയും അനുപാതം വിശദമാക്കുമോ;

(സി) സ്വകാര്യ-സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ നടത്തിപ്പുകാരായി ഉന്നതവിദ്യാഭ്യാസവകുപ്പു മാറുന്നത് ഗുണകരമായ കാര്യമാണെന്നു കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ, വിദ്യാഭ്യാസരംഗത്തെ പൊതുമേഖലയുടെ സ്വാധീനം നിലനിർത്താൻ സർക്കാർ തയ്യാറാകുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>നാൽപ്പതിൽ താഴെ വിജയശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

2747 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാൽപ്പതിൽ താഴെ വിജയശതമാനമുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകളിലെ വിദ്യാർത്ഥികളെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>മിടുക്കരായ വിദ്യാർത്ഥികൾക്ക് റിസർച്ച് സ്കോളർഷിപ്പ്</u>

2748 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് റിസർച്ച് സ്കോളർഷിപ്പ് നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനായി 2012-13- ൽ വകയിരുത്തിയ തുക എത്ര; ഇതിൽ നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ അടച്ചു പൂട്ടുന്നതിന് നടപടി</u>

2749 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്ന കാര്യം പരിഗണിക്കാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>അഡൈ്വസ് മെമ്മോ അയച്ച ശേഷം നിയമന ഉത്തരവ് ലഭിക്കാത്ത അവസ്ഥ</u>

2750 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ എഞ്ചിനിയറിംഗ് കോളേജുകളിൽ അധ്യാപക തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി അഡൈ്വസ് മെമ്മോ അയച്ച ശേഷം നിയമന ഉത്തരവ് നൽകാത്ത സ്ഥിതി നിലവിലുണ്ടോ;

(ബി) ഏതെല്ലാം മാസങ്ങളിൽ അഡൈ്വസ് മെമ്മോ നൽകിയവർക്കാണ് നിയമന ഉത്തരവ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള ആർക്കിടെക്ചറൽ വിഭാഗത്തിൽ അദ്ധ്യാപക നിയമന ഉത്തരവ് ലഭിക്കാത്ത അഡൈ്വസ് മെമ്മോ ലഭിച്ചവർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് നിയമന ഉത്തരവ് നൽകാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് അഡൈ്വസ് മെമ്മോ ലഭിച്ചവർക്ക് നിയമനം ലഭിക്കണമെങ്കിൽ കൈക്കൂലി നൽകണമെന്ന ആക്ഷേപം ഉന്നയിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പങ്കാളിത്ത പെൻഷൻ പ്രാബല്യത്തിൽ വരുന്ന തീയതിയ്ക്ക് ആഴ്ചകൾ മുൻപ് അഡൈ്വസ് മെമ്മോ ലഭിക്കുകയും നിലവിൽ ഒഴിവുകളുണ്ടായിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്നതിനാൽ മാത്രം ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ സാധിക്കാത്തവർക്ക്, പങ്കാളിത്ത പെൻഷൻ പ്രാബല്യത്തിൽ വന്നതിന് ശേഷം നിയമന ഉത്തരവ് ലഭിച്ചാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ</u>

2751 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ സംബന്ധിച്ച് ഗൈഡ്ലൈൻസ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത ഗൈഡ്ലൈൻസ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ അദ്ധ്യാപകർക്കുകൂടി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

എൽ. ബി. എസിലെ നിയമനം

2752 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. ബി. എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണതത്വം പാലിച്ചാണോ അദ്ധ്യപകനിയമനം നടത്തുന്നത്;

(ബി) പ്രസ്തുത കോളേജുകളിൽ ലത്തീൻ കത്തോലിക്ക (എൽ.സി) വിഭാഗത്തിന് സംവരണതത്വം അനുസരിച്ചുള്ള നിയമനം ലഭിച്ചിട്ടില്ല എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും കമ്പ്യൂട്ടർ സയൻസ്/ ഐ. റ്റി വിഭാഗത്തിൽ ലക്ചർ പോസ്റ്റിൽ എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട്;

(ഡി) 2002 മുതൽ എൽ. ബി. എസിൽ സംവരണതത്വം അനുസരിച്ചാണോ നിയമനം നടത്തി വരുന്നത്; അന്നുമുതൽ ഇതുവരെ എത്ര പേരെ കംപ്യൂട്ടർ സയൻസ്/ ഐ.റ്റി. വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണം എൽ. സി. വിഭാഗത്തിന് നൽകിയിട്ടുണ്ട്;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എൽ. സി വിഭാഗത്തിൽ ആരെയും നിയമിച്ചിട്ടില്ലെങ്കിൽ റാങ്ക് ലിസ്റ്റിൽ ഇപ്പോൾ എൽ.സി. വിഭാഗം ഉണ്ടായിരുന്നിട്ടും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന സാഹചര്യത്തിൽ എൽ. സി വിഭാഗത്തിന് അർഹതപ്പെട്ട നിയമനം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സർവ്വകലാശാലകൾ</u>

2753 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീല പ്രകാശം
ശ്രീ. മാത്യു. റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സർവ്വകലാശാലകൾ പ്രവർത്തിക്കുന്നു;

(ബി) പ്രസ്തുത സർവ്വകലാശാലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വകലാശാലകളിലെ വൈസ്- ചാൻസലർ, പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ എന്നീ തസ്തികകളിൽ നിലവിലുളളവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ജാതിയുടെ അടിസ്ഥാനത്തിലാണ് ഇവരെ നിയമിക്കുന്നത് എന്ന വ്യാപകമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആക്ഷേപം ശരിയല്ലെങ്കിൽ ആയത് ഖണ്ഡിക്കുന്നതിന് എന്ത് രേഖകളാണ് കൈവശമുളളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഉത്തരപേപ്പർ മൂല്യനിർണ്ണയത്തിലെ പിശക്</u>

2754 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലെ ഇക്കഴിഞ്ഞ മൂന്നാംവർഷ ബി.കോം പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കും പുന:പ്പരിശോധനയിൽ ലഭിച്ച മാർക്കും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂല്യനിർണ്ണയം നടത്തിയ പരീക്ഷപേപ്പറുകളിൽ 20 ശതമാനം പേപ്പർ ചീഫ് എക്സാമിനർ പുന:പരിശോധന നടത്തണമെന്നും എല്ലാ ഉത്തരക്കടലാസിലും നൽകിയ മാർക്കും, ലിസ്റ്റിൽ രേഖപ്പെടുത്തിയമാർക്കും ഒന്നു തന്നെയാണെന്ന് ഉറപ്പാക്കേണ്ട ചുമതല ചീഫ് എക്സാമിനറുടേതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉത്തരപേപ്പർ തെറ്റായ രീതിയിൽ മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപകനെ പരീക്ഷപേപ്പറിന്റെ മൂല്യനിർണ്ണയം നടത്തുന്ന ജോലിയിൽനിന്നും ഭാവിയിൽ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പരീക്ഷാഫല പ്രഖ്യാപനം വൈകുന്നതിനുള്ള കാരണം</u>

2755 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ ബിരുദ കോഴ്സുകളിലെ സെമസ്റ്റർ പരീക്ഷാഫലപ്രഖ്യാപനം വൈകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ പരീക്ഷാഫലമാണ് പ്രഖ്യാപിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷാഫല പ്രഖ്യാപനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഫലപ്രഖ്യാപനം വൈകുന്നതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ബി.ടെക്. പ്രാക്റ്റിക്കൽ പരീക്ഷ വീണ്ടും നടത്തിയ നടപടി</u>

2756 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലാ പ്രൊ-വൈസ് ചാൻസലറുടെ പി.എ.യുടെ മകൾക്കുവേണ്ടി ബി.ടെക്. പ്രാക്റ്റിക്കൽ പരീക്ഷ വീണ്ടും നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ പരീക്ഷാ കൺട്രോളറുടെയും, പരീക്ഷാ ബോർഡിന്റെയും അഭിപ്രായം എന്തായിരുന്നു; ആരുടെ ഉത്തരവു പ്രകാരമാണ് പരീക്ഷ വീണ്ടും നടത്തിയതെന്നു വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം

2757 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വർഷം പിന്നിട്ട അപേക്ഷകളിൽപോലും ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം എന്തെന്ന് വിശദമാക്കാമോ ?

(സി) ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തി അപേക്ഷിച്ച് ഒരു മാസത്തിനുള്ളിൽ തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പുതിയതായി ആരംഭിക്കുന്ന കോളേജുകൾ</u>

2758 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കോളേജുകളില്ലാത്ത എല്ലാ മണ്ഡലങ്ങളിലും കോളേജുകളാരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ എത്ര കോളേജുകൾ എവിടെയൊക്കെയാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിരുന്നോ; വിശദീകരിക്കാമോ;

(ഡി) കോളേജുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തായിരുന്നെന്ന് വിശദമാക്കാമോ;

(ഇ) ആരംഭിക്കുന്ന ഓരോകോളേജിലും ഏതൊക്കെ കോഴ്സുകൾ ആണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓരോ കോളേജിനും ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**02.04.2013-ലെ മറുപടിക്ക്**

യു.ജി.സി. കർമ്മസേന

2759 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥികൾക്കെതിരെയുള്ള പീഡനം തടയുന്നതിന് യു.ജി.സി. കർമ്മസേന രൂപവത്ക്കരിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുമായിച്ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>പ്രതിപക്ഷനേതാവിനെതിരായ ആരോപണം</u>

2760 ശ്രീ. കെ. മുരളീധരൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിനെതിരായി ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രത്യേകസമിതിയുടെ പ്രധാനനിഗമനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സമിതിയുടെ നിഗമനങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) ആയതിനെക്കുറിച്ചു വിശദമായ അന്വേഷണം നടത്തുമോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) എങ്കിൽ, ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>ഐ.എച്ച്.ആര്‍.ഡി ദിവസവേതന ജീവനക്കാരുടെ വേതനം</u>

2761 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ.എച്ച്.ആര്‍.ഡി യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക - അനധ്യാപക തസ്തികകളില്‍ ജോലി നോക്കുന്ന ദിവസവേതന ജീവനക്കാര്‍ക്ക് നല്‍കിവരുന്ന വേതനം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് എന്നുമുതലാണ് വിതരണം ചെയ്ത് തുടങ്ങിയത്;

(സി) പ്രസ്തുത നിരക്കിലുള്ള വേതനം ഐ.എച്ച്.ആര്‍.ഡി എന്‍ജിനീയറിംഗ് കോളേജുകളില്‍ ജോലി നോക്കുന്ന ദിവസവേതനക്കാര്‍ക്കും നല്‍കുന്നുണ്ടോ;

(ഡി) ഇല്ലെങ്കില്‍ ആയതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ഐ. എ ച്ച്. ആർ. ഡി. യിലെ ജനറൽ ട്രാൻസ്ഫർ</u>

2762 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. യിൽ കഴിഞ്ഞ 2 വർഷക്കാലമായി സ്റ്റാഫ് പാറ്റേൺ നിലവിലില്ല എന്ന കാരണത്താൽ ജനറൽ ട്രാൻസ്ഫർ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതിനായി ഐ.എച്ച്. ആർ. ഡി. യിൽ ജനറൽ ട്രാൻസ്ഫറിനുളള അപേക്ഷ ക്ഷണിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സി - ആപ്റ്റിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം</u>

2763 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി-ആപ്റ്റിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ഗവേണിംഗ് ബോഡി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് തീരുമാനമെടുത്തത്; വ്യക്തമാക്കുമോ ;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നിലവിൽ ബന്ധപ്പെട്ട ഫയൽ ആരുടെ പക്കലാണെന്നും, ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ഇ) ശമ്പള പരിഷ്കരണം എന്നു മുതൽ നൽകി തുടങ്ങും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന നിലവാരം</u>

2764 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി എ.ഐ.സി.റ്റി.ഇ പുതിയ മാനദണ്ഡങ്ങൾ നിഷ്ക്കർഷിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കേരളത്തിലെ പോളിടെക്നിക് കോളേജുകളെ ഇത് ഏതെങ്കിലും തരത്തിൽ ബാധിക്കുമോ എന്നും എങ്കിൽ എങ്ങിനെയാണെന്നും അറിയിക്കാമോ ;

(ഡി) സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും ഉൾപ്പെടുന്നവ ഇവയിൽ എത്ര വീതമെന്ന് അറിയിക്കാമോ ;

(ഇ) സംസ്ഥാനത്ത് നിലവിലുള്ള ലാറ്ററൽ എൻട്രി സംവിധാനത്തെ പ്രസ്തുത സംവിധാനം ബാധിക്കുമോ എന്നും ലാറ്ററൽ എൻട്രി സംവിധാനം നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറയിക്കാമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട്ടങ്ങളുടെ നിർമ്മാണം</u>

2765 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ വർഷങ്ങളായി മുടങ്ങി കിടക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ച എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

ഗ്രന്ഥശാലാസംഘം ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി

2766

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രന്ഥശാലകൾക്ക് എത്ര രൂപ ഗ്രാന്റ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ്സ് ഇനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് അറിയിക്കുമോ;

(ബി) ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുവാൻ കാലതാമസം വന്നതിന് കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷത്തെ ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് പൂർണ്ണമായി എപ്പോൾ കൈമാറുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിന് നടപടി

2767 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതും വായനാശീലം വളർത്തുന്നതുമുൾപ്പെടെയുള്ള വിഷയങ്ങളിൽ ഗ്രന്ഥശാലകൾ വലിയ പങ്ക് വഹിക്കുന്നതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ ആയിരത്തിലധികം പുസ്തകങ്ങൾ കൈവശമുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിനും ഇവിടെ നിർദ്ദിഷ്ട യോഗ്യതകളുള്ള ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് അംഗീകാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ലൈബ്രേറിയന്മാരുടെ ശമ്പളവ്യവസ്ഥ</u>

2768 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയന്മാർക്ക് ഉപാധികളോടെ യു.ജി.സി. സ്കീമിൽ ശമ്പളം അനുവദിച്ചിട്ടുണ്ടോ;

(ബി) എന്നാൽ, ഇതേ തസ്തികയിൽ സമാനവിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള ഗവണ്മെന്റ് കോളേജുകളിലെ ലൈബ്രേറിയന്മാർക്ക് അനുബന്ധ സ്കെയിൽ ശമ്പളം നിഷേധിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ആയതു പരിഹരിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ശമ്പളവ്യവസ്ഥയിലെ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>താനൂർ ആസ്ഥാനമായി ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു നടപടി</u>

2769 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലം പിന്നോക്ക-ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിൽക്കുന്ന പ്രസ്തുത പ്രദേശത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ഇല്ലെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താനൂർ ആസ്ഥാനമായി ഒരു മൈനോറിറ്റി കോച്ചിംഗ് സെന്ററോ, മൈനോറിറ്റി ഉന്നതവിദ്യാഭ്യാസസ്ഥാപനമോ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ കമ്പ്യൂട്ടർ യോഗ്യത</u>

2770 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ അസിസ്റ്റന്റിന്റെ തസ്തികയിലേക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കിയതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ അംഗീകരിക്കേണ്ടതിന്റെ ആവശ്യാർത്ഥം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ലെറ്റർ നമ്പർ സി.4/8847/2012 തീയതി. 7/8/2012 നമ്പറായി ഒരു കത്ത് പി& എ.ആർ.ഡി യിലേയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിൽ കേരള യൂണിവേഴ്സിറ്റി നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി ബി.എസ്.സി ഫിസിക്സ് ബിരുദം ലഭിച്ചവരെ ഡി.സി.എ. യ്ക്കു തുല്യമായി അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും ഇതേ ഡിഗ്രി ലഭിച്ചവരെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും സമാന ബിരുദം ലഭിച്ചവർക്കു കൂടി പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>വനിതാ ഹോസ്റ്റലിൽ നൈറ്റ് വാച്ച്മാൻ</u>

2771 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ ഗവൺമെന്റ് കോളേജിലെ വനിതാ ഹോസ്റ്റലിൽ നൈറ്റ് വാച്ച്മാൻ തസ്തിക ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കോളേജുകളിലെ ഏതെല്ലാം വനിതാ ഹോസ്റ്റലുകളിലാണ് നൈറ്റ് വാച്ച്മാൻ തസ്തിക ഇല്ലാത്തത് എന്ന് വിശദമാക്കുമോ;

(സി) പെൺകുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി 130 പെൺകുട്ടികൾ താമസിക്കുന്ന ചിറ്റൂർ ഗവൺമെന്റ് കോളേജിലെ വനിതാ ഹോസ്റ്റലിൽ നൈറ്റ് വാച്ച്മാൻ തസ്തിക അനുവദിച്ച് ആളിനെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 02.04.2013-ലെ മറുപടിക്ക്

<u>ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ്</u>
<u>കോളേജിൽ അറ്റകുറ്റ പണികൾ</u>

2772 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ അക്രഡിറ്റേഷൻ നടപടികളുടെ (എൻ. എ.സി)ഭാഗമായി നടത്തേണ്ട അറ്റകുറ്റപണികൾ നടത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരത്തിൽ സിവിൽ സർവ്വീസ് അക്കാദമി</u>

2773 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 02.04.2013-ലെ മറുപടിക്ക്

മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പ്രകാരം അനുവദിച്ച തുക

2774 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എൻ.ഐ.ടി ക്യാമ്പസ്സിലുള്ള ഡി.ഒ.ഇ.എ.സി.സി സെന്റർ എന്ന സ്ഥാപനത്തിൽ 2010 മാർച്ച് കാലയളവിൽ എം.സി.എയ്ക്ക് പഠിച്ചിരുന്ന ഷെഫ്ന. കെ എന്ന വിദ്യാർത്ഥിനിയ്ക്ക് മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് സ്കീമിൽ 2011 ൽ അനുവദിച്ച 20,000/- രൂപ ഡിമാന്റ് ഡ്രാഫ്റ്റിൽ പേര് തെറ്റിപ്പോയതു കാരണം ഇതുവരെ ലഭിച്ചിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 17.01.2011 ന് വിദ്യാർത്ഥിനിയുടെ പിതാവ് ഡി.ഒ.ഇ.എ.സി.സി സെന്റർ മുഖേന കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പിന് കത്തയച്ചിട്ടും യാതൊരു മറുപടിയും ലഭിച്ചില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കി മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിയ്ക്കുമോയെന്നു വെളിപ്പെടുത്താമോ ?